# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ-കെ.എസ്.ഡി8/646/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 06/10/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1)ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(ഇ-മെയിൽ വഴി)
2)ജോയന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കാസർഗോഡ്.
3)കാര്യാലയ പകർപ്പ്

നമ്പർ: കെഎസ്എ-കെ.എസ്.ഡി8/646/2023 തീയ്യതി: 06/10/2023

## കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സുനിൽ പി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 20-06-2023 | 24-06-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-06-2023 | 24-06-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1)ശ്രീ.വിനോദ് കുമാർ. വി, ഓഡിറ്റ് ഓഫീസർ
2)ശ്രീ.രഘുനാഥൻ. കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3)ശ്രീ.ബാബു. എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
4)ശ്രീ.സുനിൽ കുമാർ. എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
5)ശ്രീ.അരുൺദേവ് വി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കെ.മണികണ്ഠൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| രാഗേഷ് ടി | സെക്രട്ടറി | 01-04-2022 | 10-07-2022 |
| യൂജിൻ പി | സെക്രട്ടറി | 11-07-2022 | 31-03-2023 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മിത്ര വി | അസിസ്റ്റന്റ്എക്സിക്യൂട്ടീവ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| വൈശാഖ്.ബി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 18-10-2022 |
| ഷാനജ് പി.വി | അസിസ്റ്റന്റ് എഞ്ചിനിയർ | 19-10-2022 | 31-03-2023 |
| ഡോ.ഷീബ പി ടി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2022 | 22-05-2022 |
| അഞ്ജു എസ് (I/c) | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 23-05-2022 | 18-06-2022 |
| ഡോ.ഷീബ പി ടി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 19-06-2022 | 11-12-2022 |

| | | | |
|---|---|---|---|
| ഷിജോ കെ.എ (I/c) | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 12-12-2022 | 31-12-2022 |
| ഡോ.ഷീബ പി ടി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-01-2023 | 31-03-2023 |
| അശോകൻ.എൻ | വ്യവസായ വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.എ.ടി.രാജ് മോഹൻ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി , പെരിയ | 01-04-2022 | 31-03-2023 |
| മനോഹരൻ.വി | ക്ഷീര വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ബേബി പി | ശിശുവികസനപദ്ധതി ഓഫീസർ | 01-04-2022 | 31-05-2022 |
| ലതിക പത്രവളപ്പിൽ | ശിശുവികസനപദ്ധതി ഓഫീസർ | 01-06-2022 | 05-07-2022 |
| ലത കെ.ആർ | ശിശുവികസനപദ്ധതി ഓഫീസർ | 06-07-2022 | 31-03-2023 |
| ഷൈനി ഐസക് | ശിശുവികസനപദ്ധതി ഓഫീസർ (അഡീഷണൽ) | 01-04-2022 | 03-02-2023 |
| ജയശ്രീ.കെ | ശിശുവികസനപദ്ധതി ഓഫീസർ (അഡീഷണൽ) | 04-02-2023 | 31-03-2023 |
| പി.മിനി | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ബാബു.എ | പട്ടികവർഗ്ഗ വികസന ഓഫീസർ | 01-04-2022 | 05-07-2022 |
| രാഗേഷ് | പട്ടികവർഗ്ഗ വികസന ഓഫീസർ | 06-07-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | നിർവ്വഹണ ഉദ്യോഗസ്ഥർക്ക നൽകിയ അഡ്വാൻസ് ക്രമീകരിക്കാതെ നിലനിൽക്കുന്നു - വിശദാംശം ലഭ്യമാക്കിയിട്ടില്ല | 1-1-1 |
| 3 | മറ്റ് അഡ്വാൻസുകൾ കണക്കുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | വാടകകുടിശ്ശിക ഇനത്തിലെ ഡി.സി.ബി തുക പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകകൾ പൂർണ്ണമായും ബി-18 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-1-4 |
| 6 | പ്രത്യക ഉദ്ദേശ ഫണ്ടുകൾ അതാത് ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | ഡിപ്രീസിയേഷൻ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. | 1-1-6 |
| 8 | സ്റ്റെയിൽ ചെക്ക് ഇനത്തിലെ തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയിട്ടില്ല. | 1-1-7 |
| 9 | ഒരു ഇനത്തിലെ വരവ് തുക വിവിധ ഹെഡിൽ രേഖപ്പെടുത്തിയിരിക്കുന്നു. | 1-1-8 |
| 10 | 2021-2022 സാമ്പത്തിക വർഷത്തിൽ ഡെപ്പോസിറ്റിനത്തിൽ നൽകിയ തുക ധനകാര്യ പത്രിക ബി-18 ഷെഡ്യൂളിൽ തൻവർഷവും ഉൾപ്പെടുത്തിയിട്ടില്ല | 1-1-9 |
| 11 | എ.സി.ആർ പ്രകാരമുള്ള ചെലവ് ചെലവ് പത്രിക / ധനകാര്യപത്രിക എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-10 |
| 12 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം | 1-3 |
| 15 | വിവിധ ഗ്രാന്റുകളുടെ വിനിയോഗം | 1-4 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 18 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 20 | തൻ വർഷ വാടക തുക ഈടാക്കാതെ അവശേഷിക്കുന്നു. | 1-9 |
| 21 | ബ്ലോക്ക് പഞ്ചായത്തിന്റേതല്ലാത്ത ആസ്തികളിൽ നിർമാണ പ്രവൃത്തികൾ നടത്തുമ്പോൾ മാർഗരേഖകൾ പാലിക്കുന്നില്ല. | 1-10 |
| 22 | പ്രോജക്ട് നം.141/2023- എസ്.ജി.എസ്.വൈ ഹാൾ പുനരുദ്ധാരണം- പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ | 1-11 |
| 23 | ഓഡിറ്റ് റിപ്പോർട്ടിന് മറുപടി സമർപ്പിച്ചില്ല | 1-12 |
| 24 | വനിതകൾക്ക് മത്സര പരീക്ഷാ പരിശീലനവും ജോബ് ഫെസ്റ്റും പദ്ധതി നടത്തിപ്പിലെ അപാകതകൾ. | 1-13 |
| 25 | വനിതാ സ്വയം സഹായ സംഘങ്ങൾക്ക് സ്വയം തൊഴിലിന് ധനസഹായം പദ്ധതി നടത്തിപ്പിലെ അപാകതകൾ. | 1-14 |
| 26 | പെരിയ CHC -പബ്ലിക് ഹെൽത്ത് യൂണിറ്റ് &പബ്ലിക് ഹെൽത്ത് ലാബിന് വിവര സാങ്കേതിക ഉപകരണങ്ങൾ വാങ്ങൽ പദ്ധതി | 1-15 |
| 27 | അജാനൂർ വനിതാ വ്യായാമ കേന്ദ്രത്തിന് ഉപകരണങ്ങൾ വാങ്ങൽ പദ്ധതി | 1-16 |
| 28 | ജില്ലാ പ്ലാനിംഗ് ഓഫീസ് പുതിയ കോൺഫറൻസ് ഹാൾ നിർമ്മാണം - ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ പദ്ധതി | 1-17 |
| 29 | PMJVK- വിവിധ പദ്ധതികൾക്ക് വേണ്ടി DPR തയ്യാറാക്കൽ പദ്ധതി | 1-18 |
| 30 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭിച്ചിട്ടില്ല .ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-19 |

| | | |
|---|---|---|
| 31 | ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ നിക്ഷേപ പ്രവൃത്തികളുടെ അവലോകനം | 1-20 |
| 32 | പി.എം.എ.വൈ .ഭവന പദ്ധതി,ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-21 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 5 | വായ്പാ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരളത്തിലെ പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215 (4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 1(5) തീരുമാന പ്രകാരം തയ്യാറാക്കി 22.06.23 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഒരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

കാസറഗോഡ്
06.10.2023

### 1-1-1 നിർവ്വഹണ ഉദ്യോഗസ്ഥർക്ക നൽകിയ അഡ്വാൻസ് ക്രമീകരിക്കാതെ നിലനിൽക്കുന്നു - വിശദാംശം ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥർക്ക നൽകിയ അഡ്വാൻസ് ചുവടെ പറയും പ്രകാരം ക്രമീകരിക്കാതെ നിലനിൽക്കുന്നു

| 2021-22 ബി-18 ഷെഡ്യൂൾ പ്രകാരം നിലനിൽക്കുന്ന തുക | 2022-23 ആർ.പി 47 പ്രകരം നൽകിയിട്ടുള്ള തുക | 2022-23 ബി-18 ഷെഡ്യൂൾ പ്രകാരം നിലനിൽക്കുന്ന തുക |
|---|---|---|
| 145807 | 219000 | 364807<br>(145807 + 219000) |

മേൽ പ്രകാരം മുൻ വർഷത്തിൽ നിലനിൽക്കുന്ന 145807/- രൂപ ക്രമീകരിക്കാത്തിനുള്ള കാരണം , തുകയുടെ വിശദാംശം, തൻവർഷം നൽകിയ തുകയുടെ വിശദാംശം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3/ 22.06.2023 ന് നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കി ധനകാര്യപത്രികയിലും അഡ്വാൻസ് രജിസ്റ്ററിലും കാലികമാക്കുന്നതാണ് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. തുടർ നടപടി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ള അഡ്വാൻസ് രജിസ്റ്ററിൽ മേൽ തുകകൾ സംബന്ധിച്ച വിശദാംശം രേഖപ്പെടുത്തിയിട്ടില്ല.

### 1-1-2 മറ്റ് അഡ്വാൻസുകൾ കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

| 2021-22 ബി-18 ഷെഡ്യൂൾ പ്രകാരം നിലനിൽക്കുന്ന തുക | 2022-23 ആർ.പി 47 പ്രകരം ക്രമീകരിച്ച തുക | 2022-23 ആർ.പി 47 പ്രകരം നൽകിയിട്ടുള്ള തുക | 2022-23 ബി-18 ഷെഡ്യൂൾ പ്രകാരം നിലനിൽക്കുന്ന തുക | ക്രമീകരിക്കുവാൻ ബാക്കി വരേണ്ടിയിരുന്ന തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 717671 | 0 | 852702 | 1601545 | 1570373 (717671 + 852702) |

മേൽ പ്രകാരം ക്രമീകരിക്കുവാനുള്ള തുകയിൽ 31172/- രൂപയുടെ (1601545 – 1570373) വ്യത്യാസമുണ്ട്. ഈ വ്യത്യാസത്തിനുള്ള വിശദീകരണവും തുകയുടെ വിശദാംശവും ലഭ്യമാക്കുന്നതിന നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3/ 21.06.2023 ന് കണക്കുകൾ പരിശോധിച്ച് പിന്നീട് ഓഡിറ്റിന് മറുപടി സമർപ്പിക്കുന്നതാണ് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-1-3 വാടകകുടിശ്ശിക ഇനത്തിലെ ഡി.സി.ബി തുക പൊരുത്തപ്പെടുന്നില്ല.

A) 2022-23 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിൽ വാടകകുടിശ്ശിക ഇനത്തിലെ ഡി.സി.ബി തുക പൊരുത്തപ്പെടുന്നില്ല.

| 2021-22 ബി-15 പ്രകാരം ഡിമാന്റ് തുക (1) | 2022-23 RP 43 പ്രകാരം കളക്ഷൻ തുക (2) | 2022-23 B15 പ്രകാരം ബാലൻസ് തുക | ബാലൻസായി വരേണ്ടിയിരുന്ന തുക (1)-(2) |
|---|---|---|---|
| 46000(42000-തൻവർഷം + 4000 കുടിശ്ശിക) | 33000 | 4000 | 13000 |

I-18 ഷെഡ്യൂൾ പ്രകാരം പ്രയർ പിരീഡ് ഇൻകം ഇനത്തിൽ 9000/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുക ഒഴിവാക്കി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ തീരുമാനം / രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

B) 2021-22 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ ശ്രീമതി. സുനിമോളുടെ പേരിൽ നൽകിയിട്ടുള്ള കെട്ടിടത്തിൽ 15000/- രൂപ കുടിശ്ശിക ഉള്ളതിൽ 6/06/2022 ൽ 12000/- രൂപയാണ് ഈടാക്കിയിട്ടുള്ളതായി കാണുന്നത്. ഈ കെട്ടിടത്തിന്റെ വാടക കുടിശ്ശികയിൽ നിന്നും 3000/- രൂപ ഈടാക്കുവാൻ ബാക്കി നിൽക്കുന്നു. എന്നാൽ ധനകാര്യ പത്രികയിൽ 42000/- രൂപയിൽ I-18 ഷെഡ്യൂൾ പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള 9000/- രൂപ ഉൾപ്പെടെ മുഴുവൻ തുകയും ലഭ്യമായിട്ടുള്ളതായും 2021-22 വർഷത്തിലെ കുടിശ്ശികയായിട്ടുള്ള 4000/- രൂപ മാത്രമാണ് നിലനിൽക്കുന്നതായി രേഖപ്പെടുത്തിയിട്ടുള്ളത്.

മേൽ അപാകതയ്ക്കുള്ള വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

C) വാടക കുടിശ്ശിക ഇനത്തിൽ രജിസ്റ്ററിൽ ഡി.സി.ബി കൃത്യമായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-1-4 ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകകൾ പൂർണ്ണമായും ബി-18 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടില്ല.

ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത ചുവടെ പറയുന്നതുകകൾ പൂർണ്ണമായും ബി-18 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടില്ല.

| പ്രോജക്ട് നമ്പർ, പേര് | ചെലവഴിച്ച തുക |
|---|---|
| 140 – അജാനൂർ മുക്കോട് സർക്കാർ കിണർ കുടിവെള്ള പദ്ധതി | 570000/- |
| 170- പുല്ലൂർ പെരിയ അമ്പലത്തറ ജി.എച്ച്.എച്ച്.എസ് ആയമ്പാറ ജി.യു.പി.എസ് ഉദുമ ബാര ജി.എച്ച്.എസ് എന്നിവിടങ്ങളിലെ കുടിവെള്ള സൗകര്യം ഒരുക്കൽ | 577000/- |
| 171- പെരിയ കമ്മ്യൂണിറ്റി ഹാൾ കുഴൽ കിണർ ആഴം കൂട്ടി മോട്ടോറും ടാങ്കും സ്ഥാപിക്കൽ | 57687/- |
| 153- ബങ്കളം പ്രീ-മെട്രിക്ക് ഹോസ്റ്റലിന് കുഴൽകിണർ നിർമ്മാണം ഡെപ്പോസിറ്റ് വർക്ക് | 83059/- |
| ആകെ | 1287746/- |

മേൽ പദ്ധതികൾ 2022-23 സാമ്പത്തിക വർഷം പൂർത്തീകരിച്ചിട്ടില്ലെങ്കിലും 570000/- രൂപ മാത്രമാണ് ബി-18 ഷെഡ്യൂളിൽ ഡെപ്പോസിറ്റായി രേഖപ്പെടുത്തിയിട്ടുള്ളത്. ബാക്കി 717746/- രൂപ ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടില്ല

നിക്ഷേപപ്രവൃത്തികൾക്ക് തൻവർഷം നൽകിയ തുകയുടെ പ്രവൃത്തികൾ പൂർത്തീകരിച്ച് ധനവിനിയോഗ സാക്ഷ്യപത്രം സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചിട്ടില്ലെങ്കിൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B 18 -Loans, Advances And Deposits-ലും ആണ് ഈ ഇനത്തിലുള്ള തുക അക്കൗണ്ട് ചെയ്യേണ്ടത്. വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് തുക അഡ്വാൻസ് ഹെഡിൽ നിന്ന് ആസ്തി ഹെഡിലേക്ക് മാറ്റുകയും ചെയ്യും. ഇപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

1-1-5 പ്രത്യക ഉദ്ദേശ ഫണ്ടുകൾ അതാത് ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-17 പ്രകാരമുള്ള ചില പ്രത്യേക ഉദ്ദേശ ഫണ്ടുകളുടെ നീക്കിയിരിപ്പ് അതാത് ഫണ്ടുകൾക്ക മാത്രമായുള്ള ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

| ബി-17 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് തുക | ബി-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് തുക | വ്യത്യാസം |
|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ് & ബേസിക്) – | 7047580 രൂപ | 797601 |

| | | |
|---|---|---|
| 7845181 രൂപ | | രൂപ |
| തൊഴിലുറപ്പ് പദ്ധതി- 3,542 രൂപ | 85,780 രൂപ | 82,238 രൂപ |

മേൽ വ്യത്യാസത്തിനുള്ള വിശദീകരണം ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3/ 21.06.2023 ന് പരിശോധിച്ച് പിന്നീട് മറുപടി സമർപ്പിക്കുന്നതാണ് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.
മേൽ പരാമർശവുമായി ബന്ധപ്പെട്ട വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-1-6 ഡിപ്രീസിയേഷൻ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

2022-23 സാമ്പത്തിക വർഷം ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയതിൽ പിശക് സംഭവിച്ചതിനാൽ Accumlated Depreciation മുൻവർഷത്തേക്കാൾ കുറവു വന്നിട്ടുണ്ട്.

| ഇനം, കോഡ് | 2021-22 ലെ Accumlated Depreciation | 2022-23 ലെ Accumlated Depreciation |
|---|---|---|
| ബിൽഡിംഗ്സ്(411200101) | - 2001300 | - 1545001 |
| റോഡ്, ബ്രിഡ്ജ്(411300101) | - 7166758 | - 5734532 |
| സ്വീവേജ് & ഡ്രയിനേജ്(411310101) | - 105865 | - 76331 |
| വാട്ടർ വേയ്സ്(411320101) | - 1206721 | - 944123 |
| പബ്ലിക്ക് ലൈറ്റിംഗ്(411330101) | - 18770 | - 15015 |
| പ്ലാന്റ്, മെഷീനറി(411400101) | - 2057493 | - 1643677 |
| വാഹനങ്ങൾ(411500101) | - 694361 | - 541874 |
| ഓഫീസ് , മറ്റ് ഉപകരണങ്ങൾ(411600101) | - 1806631 | - 1418670 |
| ഫർണീച്ചർ, ഫിക്ചേഴ്സ്, ഫിറ്റിംഗ്സ് & ഇലക്ട്രിക്കൽ അപ്ലയൻസസ്(411700101) | - 4635048 | - 3556203 |
| മറ്റ് സ്ഥിര ആസ്തികൾ(411800101) | - 799846 | - 692057 |

മേൽ ഇനങ്ങൾക്ക് 2022-23 വർഷത്തെ ഡിപ്രീസിയേഷൻ ജേണൽ ചെയ്യുമ്പോൾ ക്രഡിറ്റ് രേഖപ്പെടുത്തുന്നതിനു പകരമായി ഡെബിറ്റ് രേഖപ്പെടുത്തിയിട്ടുള്ളതിനാലാണ് Accumlated Depreciation മുൻവർഷത്തെ അപേക്ഷിച്ച് കുറവായി വന്നത്.
ഇത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3/ 22.06.2023 ന് പരിശോധിച്ച് പിന്നീട് മറുപടി ലഭ്യമാക്കുന്നതാണ് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

1-1-7 സ്റ്റെയിൽ ചെക്ക് ഇനത്തിലെ തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയിട്ടില്ല.

ലൈബിലിറ്റി ഇൻ സ്റ്റെയിൽ ചെക്ക് ഇനത്തിൽ 2018-19 മുതൽ 4000/- രൂപ നിലനിൽക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|
| 4000 | 4000 | 4000 | 4875<br>(4000 + 875) | 4875 |

A) മേൽ തുകകളുടെ ചെക്ക് തിരികെ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

B) മേൽ തുകകൾ നാളിതുവരേയും ക്രമീകരിക്കാത്തതിനുള്ള കാരണം വിശദമാക്കിയിട്ടില്ല.

C) മേൽ തുകകളുടെ വിശദാംശം (ഏതെല്ലാം ഇനത്തിന്, ആർക്കു നൽകി, ചെക്ക് നമ്പർ, തീയതി) ലഭ്യമാക്കിയിട്ടില്ല.

1-1-8 ഒരു ഇനത്തിലെ വരവു തുക വിവിധ ഹെഡിൽ രേഖപ്പെടുത്തിയിരിക്കുന്നു.

വെറ്ററിനറി ക്ലീനിക്കിൽ നിന്നും വാഹനചാർജ്ജിനത്തിൽ രസീത് മുഖേനയുള്ള പിരിവിൽ 2022-23 സാമ്പത്തിക വർഷം ആകെ 65500/- രൂപ ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ ഈ തുക ധനകാര്യ പത്രികയിൽ ചുവടെ പറയും പ്രകാരം രണ്ടു

ഹെഡുകളിലായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നമ്പർ | കോഡ്, ഇനം | തുക |
|---|---|---|
| 1 | 150400101 – ആമ്പുലൻസ് വാടക | 61000 |
| 2 | 180800106 – ആശുപത്രികൾ, ഡിസ്പെൻസറി & വെറ്ററിനറി പോളി ക്ലീനിക്ക് എന്നിവയിൽ നിന്നുള്ള വരവുകൾ | 4500 |
| | ആകെ വരവ് | 65500/- |

1-1-9 2021-2022 സാമ്പത്തിക വർഷത്തിൽ ഡെപ്പോസിറ്റിനത്തിൽ നൽകിയ തുക ധനകാര്യ പത്രിക ബി-18 ഷെഡ്യൂളിൽ തൻവർഷവും ഉൾപ്പെടുത്തിയിട്ടില്ല

2021-2022 സാമ്പത്തിക വർഷത്തിൽ ഡെപ്പോസിറ്റിനത്തിൽ ഭൂജലവകുപ്പിന് നൽകിയിട്ടുള്ള ചുവടെ പറയുന്ന തുകകൾ 2022-23 സാമ്പത്തിക വർഷത്തിലും ചെലവഴിച്ചിട്ടില്ല . എന്നാൽ ഈ തുക തൻ വർഷത്തിലും ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല

| നിർവ്വഹണ എജൻസി | പ്രൊജക്ടിന്റെ പേര് | മുൻകൂർനൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| ഭൂജലവകുപ്പ് , കാസറഗോഡ് | തോക്കാനം കാവുങ്കൽ മൊട്ട കുടിവെള്ള പദ്ധതി (138/22) | 5,97,320 | 0 | 5,97,320 |
| ഭൂജലവകുപ്പ് , കാസറഗോഡ് | അരമങ്ങാനം കാപ്പുങ്കയം പട്ടർവളപ്പ് കുടിവെള്ള പദ്ധതി(137/22) @ ഉദുമ ഗ്രാമ പഞ്ചായത്ത് | 5,98,400 | 0 | 5,98,400 |
| | ആകെ | | | 11,95,720 |

1-1-10 എ.സി.ആർ പ്രകാരമുള്ള ചെലവ് ചെലവ് പത്രിക / ധനകാര്യപത്രിക എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

വികസന ഫണ്ട് - ജനറൽ , വികസന ഫണ്ട് - എസ്.സി.പി, വികസന ഫണ്ട് - ടി.എസ്.പി എന്നിവയിൽ എ.സി.ആർ പ്രകാരവും ചെലവ് പത്രിക പ്രകാരവുമുള്ള ചെലവ് തുകയിൽ ചുവടെ പറയും പ്രകാരം വ്യത്യാസമുണ്ട്.

| ഇനം | എ.സി.ആർ പ്രകാരം ചെലവ് | ചെലവ് പത്രിക പ്രാകാരം ചെലവ് | വ്യത്യാസം |
|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 32105951 | 32097211 | 8740 |
| വികസന ഫണ്ട് - എസ്.സി.പി | 3857000 | 3558500 | 298500 |
| വികസന ഫണ്ട് - ടി.എസ്.പി | 3805000 | 3382166 | 422834 |

മേൽ പ്രകാരം വ്യത്യാസത്തിനുള്ള കാരണത്തിന്റെ വിശദാംശം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3/ 21.03.2023 ന് 8740/- രൂപയിൽ 8640/- രൂപയുടെ ബില്ല് ട്രഷറിയിൽ സമർപ്പിച്ചിരുന്നെന്നും ബില്ല് പാസ്സായതായാണ് സാംഖ്യയിൽ കണ്ടതെന്നും എന്നാൽ ട്രഷറിയിൽ ചില സാങ്കേതിക കാരണത്താൽ ബില്ല് പാസ്സായിട്ടില്ല എന്ന കാര്യം പിന്നീടാണ് അറിഞ്ഞതെന്നും ആയതിനാൽ ക്യാൻസൽ ചെയ്യുവാൻ സാധിച്ചിട്ടില്ലെന്നും ബാക്കി 100/- രൂപയുടെ ബില്ല് ക്യൂബിൽ ആയിട്ടാണ് ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളത് എന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.
വികസന ഫണ്ട് (എസ്.സി.പി) 298500/-രൂപയുടെയും വികസന ഫണ്ട് (ടി.എസ്.പി) 422834/- രൂപയുടെയും ബില്ലുകൾ ട്രഷറിയിൽ നിയന്ത്രണം കാരണം സമർപ്പിക്കുവാൻ സാധിച്ചിട്ടില്ല എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

1-1-11 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

26.07.2011-ലെ ജി.ഒ(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി ഉടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം&തിയതി | 1(1)/തിയതി.26.03.2022 | 1(1)/ തിയതി.23.02.2023 |

| | | |
|---|---|---|
| മുന്നിരിപ്പ് | 43,34,939 | 35,72,116 |
| വരവ് | 45,92,80,000 | 46,74,50,769 |
| ആകെ | 46,36,14,939 | 47,10,22,885 |
| ചെലവ് | 46,22,42,000 | 46,97,17,959 |
| നീക്കിയിരിപ്പ് | 13,72,939 | 13,04,926 |

ബജറ്റ് തയായാറാക്കുന്നതിൽ മതിയായ പ്രാധാന്യമോ മുന്നൊരുക്കമോ നൽകുന്നില്ല എന്നുകാണുന്നു. കാരണം 23.02.2023 ൽ 2022-23 വർഷത്തെ പുതുക്കിയ ബജറ്റ് തയ്യാറാക്കുമ്പോഴും 01.04.2022 ലെ യഥാർത്ഥ മുൻബാക്കി തുകയായ 83,45,266/- രൂപയ്ക്ക് പകരം 35,72,116/- രൂപയാണ് എടുത്തിട്ടുള്ളത്. ഈ തുക എങ്ങനെ കണക്കാക്കിയതാണ് എന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ഓഡിറ്റിന് നൽകേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| | |
|---|---|
| മുന്നിരിപ്പ് | 83,45,266 |
| വരവ് | 9,44,04,232 |
| ആകെ | 10,27,49,498 |
| ചെലവ് | 9,05,37,671 |
| നീക്കിയിരിപ്പ് | 1,22,11,827 |

1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗം

എ) ഫണ്ട് വിനിയോഗം (2022-23 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 34915000 | 34915000 | 32105951 | 2809049 | 91.96 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3857000 | 3857000 | 3857000 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 3805000 | 3805000 | 3805000 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 7839000 | 7839000 | 7818729 | 20271 | 99.74 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied) | 0 | 8684213 | 8684213 | 4633702 | 4050511 | 53.36 |
| ധനകാര്യ കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ്(untied) | 0 | 5931739 | 5931739 | 5838555 | 93184 | 98.43 |

എ.സി.ആർ പ്രകാരമുള്ള ചെലവ് - ചെലവ് പത്രിക / ധനകാര്യപത്രിക യിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ഖണ്ഡിക 1-2-10 ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ബി) ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 32097211 | 32097211 | 32097211 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3558500 | 3558500 | 3558500 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 3382166 | 3382166 | 3382166 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 7818729 | 7818729 | 7818729 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 302581 | 302581 | 302581 | 0 |
| സംയുക്ത പദ്ധതി(ജില്ലാ പഞ്ചായത്ത് ) | 6,80,829 | 4708000 | 5388829 | 5180125 | 208704 |
| സംയുക്ത പദ്ധതി (ഗ്രാമ പഞ്ചായത്ത് ) | 10,00,000 | 64,69,960 | 74,69,960 | 64,69,960 | 10,00,000 |
| തൊഴിലുറപ്പ് പദ്ധതി | 18,575 | 830354 | 848929 | 845387 | 3542 |
| എസ്.ബി.ഐ- ഇ-ടെണ്ടർ-2698 | 1,81,779 | 48360 | 230139 | 162428 | 67711 |
| Syndicate Bank | 6,58,875 | 992927 | 1651802 | 975983 | 675819 |
| എസ്.ബി.ഐ(IAY) | 52,582 | 1434 | 54016 | 0 | 54016 |

| | | | | | |
|---|---|---|---|---|---|
| യൂണിയൻ ബാങ്ക് (IAY State Share) | 32,265 | 1311 | 33576 | 394 | 33182 |
| യൂണിയൻ ബാങ്ക്( IAY Plan) | 13,869 | 997 | 14866 | 603 | 14263 |
| IDBI ബാങ്ക് | 41,69,216 | 18606134 | 22775350 | 14930169 | 7845181 |
| KGB -TSC | 28,85,425 | 83119 | 2968544 | 0 | 2968544 |
| ഫെഡറൽ ബാങ്ക് - ഹെൽത്ത് ഗ്രാന്റ് | 0 | 2606433 | 2606433 | 1051944 | 1554489 |

മേൽ തുകകൾ കൂടാതെ തൻവർഷം 63,12,000 രൂപ ജനറൽ പർപ്പസ് ഫണ്ടിനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെശതമാനം |
|---|---|---|---|---|---|---|
| 135 | 11,50,50,133 | 103 | 7,55,38,728 | - | 32 | 76.30 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2022-23 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2022-23 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 51 | 4,94,97,558 | 40 | 3,60,58,780 | 72.85 |
| 2 | അസി.എക്സി.എഞ്ചിനീയർ | 2 | 50,05,180 | 2 | 21,27,535 | 42.51 |
| 3 | അസി.എഞ്ചിനീയർ | 50 | 2,43,01,498 | 29 | 1,00,63,526 | 41.41 |
| 4 | ശിശു വികസന പദ്ധതി ഓഫീസർ | 8 | 68,18,890 | 8 | 67,48,712 | 98.97 |
| 5 | പട്ടികവർഗ്ഗ വികസന ഓഫീസർ | 4 | 13,34,384 | 4 | 13,03,568 | 97.69 |
| 6 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി.പെരിയ | 8 | 1,06,60,000 | 8 | 85,99,484 | 80.67 |
| 7 | പട്ടികജാതി വികസന ഓഫീസർ | 3 | 16,75,000 | 3 | 16,73,500 | 99.91 |
| 8 | വ്യവസായ വികസന ഓഫീസർ | 2 | 92,13,020 | 2 | 24,63,020 | 26.73 |
| 9 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 4 | 36,09,000 | 4 | 35,65,000 | 98.78 |
| 10 | അസിസ്റ്റന്റ് ഡയറക്ടർ കൃഷി | 3 | 29,35,603 | 3 | 29,35,603 | 100 |
| | ആകെ | 135 | 11,50,50,133 | 103 | 7,55,38,728 | 65.66 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 18,575 | 14,88,822 | 15,07,397 | 14,21,617 | 85,780 |
| ആകെ | 18,575 | 14,88,822 | 15,07,397 | 14,21,617 | 85,780 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.06.2023ന് 3 PM മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല. ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയ വാർഷിക കണക്കുകൾ , രജിസ്റ്ററുകൾ, ഫയലുകൾ തുടങ്ങിയവ പരിശോധിച്ചതിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമല്ല എന്നു കാണുന്നു. രജിസ്റ്ററുകൾ/ഫയലുകൾ ശരിയായ രീതിയിലല്ല സൂക്ഷിക്കുന്നത്. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. മരാമത്ത് പ്രവൃത്തികളെ സംബന്ധിച്ച വിവരങ്ങൾ എഴുതിയ വർക്ക് ഡെപ്പോസിറ്റ് രജിസ്റ്ററാണ് സൂക്ഷിച്ചിട്ടുള്ളത്. ഓരോ ഇനം ഡെപ്പോസിറ്റും ലഭിച്ച തിയ്യതി, തുക, രശീതി നമ്പർ, തിരികെ നൽകിയ തിയ്യതി, തുക, വൗച്ചർ നമ്പർ തുടങ്ങിയ വിവരങ്ങൾ നിശ്ചിത മാതൃകയിൽ രേഖപ്പെടുത്തി സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. അഡ്വാൻസ് രജിസ്റ്റർ നിശ്ചിത മാതൃകയിൽ സൂക്ഷിക്കുന്നില്ല. വിവിധ നിർവ്വഹണ ഏജൻസികൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തിക്ക് വേണ്ടി മുൻകൂർ കൈമാറിയ തുകകൾ, ഓണം അഡ്വാൻസ്, മറ്റ് മുൻകൂറുകൾ എന്നിവയുടെ വിശദവിവരങ്ങൾ നിശ്ചിത മാതൃകയിൽ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്ന രീതിയിൽ തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. കമ്പ്യൂട്ടറുകളുടെ സോഫ്റ്റ്‌വെയർ, ഹാർഡ്‌വെയർ എന്നിവയുടെ വിവരങ്ങൾ പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററുകളിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ശരിയായ ഫയൽ സൂക്ഷിപ്പ് സംവിധാനവും മേൽനോട്ടവും ബ്ലോക്ക് പഞ്ചായത്തിൽ നിലവിലില്ല എന്നതാണ് അപാകതകൾക്ക് കാരണം. 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന് മറുപടി ലഭിച്ചിട്ടില്ല. ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് കരാർ വെക്കാതെയാണ് നിർവഹണ ഏജൻസികൾക്ക് തുക കൈമാറിയിരിക്കുന്നത്. ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളുടെയും ഘടക സ്ഥാപനങ്ങളുടെയും ആദായ നികുതി /ജി.എസ്.ടി റിട്ടേണുകൾ തയ്യാറാക്കുന്നതിന് സ്വകാര്യ സ്ഥാപനങ്ങൾക്ക് പണം നൽകിയതായി കാണുന്നു. ദിവസ വേതനാടിസ്ഥാനത്തിലുള്ള താൽക്കാലിക നിയമനങ്ങൾ സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമല്ല.

## 1-9 തൻ വർഷ വാടക തുക ഈടാക്കാതെ അവശേഷിക്കുന്നു.

തൻ വർഷ ബിൽഡിംഗ് വാടക ഇനത്തിൽ ചുവടെ പറയും പ്രകാരം 72,750/- രൂപ ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | പേര് | ഡിമാന്റ് തുക | ലഭിച്ച തുക | ബാക്കി തുക |
|---|---|---|---|---|
| 1 | സുനിമോൾ | 36600 | 30300 | 6300 |
| 2 | നവോദയ കുടുബശ്രീ | 36450 | 12000 | 24450 |
| 3 | മെഗാബൈറ്റ്സ് | 42000 | 0 | 42000 |
| | ആകെ | 115050 | 42300 | 72750 |

മേൽ പ്രകാരമുള്ള 72750/- രൂപ പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-10 ബ്ലോക്ക് പഞ്ചായത്തിന്റേതല്ലാത്ത ആസ്തികളിൽ നിർമാണ പ്രവൃത്തികൾ നടത്തുമ്പോൾ മാർഗരേഖകൾ പാലിക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 172 (1) പ്രകാരമുള്ള നാലാം പട്ടികയിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ പൊതുവായതും മേഖലാടിസ്ഥാനത്തിലുമുള്ള ചുമതലകൾ പ്രതിപാദിച്ചിട്ടുണ്ട്. ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തിനുള്ളിലെ വില്ലേജ് റോഡുകളും ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റു റോഡുകളും പരിപാലിക്കുക, സർക്കാരിൽ നിന്നും കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്കായി കെട്ടിടം നിർമിക്കുക എന്നിവയാണ് പൊതുമരാമത്ത് മേഖലയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകൾ.

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗരേഖ (സ.ഉ.(കൈ)നം.84/2022/തസ്വഭവ, തിയതി 19.04.2022) യിലെ ഖണ്ഡിക 8.14 പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാത്ത വീതിയുള്ള റോഡുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകള് ചില വ്യവസ്ഥകൾക്ക വിധേയമായി ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രം വാങ്ങണം, പി.എം.എ.വൈ പദ്ധതിക്കു വകയിരുത്തേണ്ടതായ മുഴുവൻ തുകയും വകയിരുത്തിയ ശേഷമാണ് ഗ്രാമപഞ്ചായത്തിന്റെ റോഡ് മെച്ചപ്പെടുത്തലിനായി ഏറ്റെടുക്കുന്നത് എന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തണം എന്നിവയാണ് ഈ നിബന്ധനകൾ.

ധനകാര്യ കമ്മീഷൻ ഗ്രാന്റുപയോഗിച്ച് 8 റോഡ് ടാറിംഗ്/ കോൺക്രീറ്റിംഗ് പ്രവൃത്തികൾ ബ്ലോക്ക് പഞ്ചായത്ത് നിർവഹിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രോജക്ടുകളുടെ നിർവഹണത്തിൽ മേൽ നിബന്ധനകൾ പാലിച്ചതായി കാണുന്നില്ല.

1. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രം വാങ്ങിയതായി ഫയലിൽ കാണുന്നില്ല.
2. പി.എം.എ.വൈ പദ്ധതിക്കു വകയിരുത്തേണ്ടതായ മുഴുവൻ തുകയും വകയിരുത്തിയ ശേഷമാണ് ഗ്രാമപഞ്ചായത്തിന്റെ റോഡ് മെച്ചപ്പെടുത്തലിനായി ഏറ്റെടുക്കുന്നത് എന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
3. റോഡുകൾ 6 മീറ്റർ വീതിയുള്ളവയാണെന്നതിന് തെളിവുകൾ ഫയലിൽ ഇല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17, തിയതി 24.06.2023) മറുപടി നൽകിയിട്ടില്ല. അപാകതകൾക്ക് നിർവഹണ ഉദ്യോഗസ്ഥന്റെയും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെയും വിശദീകരണങ്ങൾ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ അഭിപ്രായം സഹിതം ഓഡിറ്റിന് അയച്ചു തരേണ്ടതാണ്.

## 1-11 പ്രോജക്ട് നം.141/2023- എസ്.ജി.എസ്.വൈ ഹാൾ പുനരുദ്ധാരണം- പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം.141/2023 | എസ്.ജി.എസ്.വൈ ഹാൾ പുനരുദ്ധാരണം |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 26,21,000 (മെയിന്റനൻസ് ഫണ്ട്- നോൺറോഡ്) |
| നിർവഹണ ഏജൻസി | ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോപ്പറേറ്റീവ് ലിമിറ്റഡ് (ARTCO) |
| ചെലവ് | 26,20,817 രൂപ (BRN 22200463001901546943, തിയതി 28.03.3023) |

കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ ഘടക സ്ഥാപനങ്ങളായ ക്ഷീര വികസന ഓഫീസിന്റെയും, വ്യവസായ വികസന ഓഫീസിന്റെയും കീഴിൽ നടത്തപ്പെടുന്ന പരിശീലനങ്ങൾക്കായി ഉപയോഗിക്കുന്ന ഹാൾ, അറ്റകുറ്റ പണി നടത്തി പുനരുദ്ധരിച്ച് ആധുനിക സൗകര്യങ്ങളോടുകൂടി മാറ്റി, ബ്ലോക്ക് പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് വാടകയ്ക്ക് പൊതു പരിപാടികൾക്ക് നൽകുന്നതിനും ഉദ്ദേശിച്ചാണ് ഈ പ്രോജക്റ്റ് തയ്യാറാക്കിയിട്ടുള്ളത് എന്ന് പ്രോജക്ട് ഫോറത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ട് പ്രകാരം ഈ പ്രവൃത്തി ARTCO മുഖാന്തിരം നിർവഹിക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്. ഈ പ്രവൃത്തിക്കായി ARTCO സമർപ്പിച്ച പ്രോഫോർമ ഇൻവോയ്സ് 08.12.2022 തിയതിയിലെ ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ 2(2)നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ARTCO യും സെക്രട്ടറിയും തമ്മിൽ 12.12.2022 ന് കരാറിൽ ഏർപ്പെടുകയും 01.03.2023 ലെ ARTCOയുടെ സാക്ഷ്യപത്രം പ്രകാരം ARTCO പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ARTCO യുടെ 01.03.2023 ലെ ഇൻവോയ്സ് നം. TVM1168 നികുതികൾ അടക്കം 26,20,817 രൂപയുടെ പ്രവൃത്തികൾ ARTCOചെയ്തിട്ടുണ്ട്. 28.03.2023 ലെ BRN 22200463001901546943 പ്രകാരം 26,20,817 രൂപ മെയിന്റനൻസ് ഫണ്ടിൽ നിന്നും പിൻവലിച്ച് ARTCOയുടെ അക്കൗണ്ടിലേക്ക് (നം. 37438258360) നൽകിയിട്ടുണ്ട്.

ARTCO യുടെ ഇൻവോയ്സ് പ്രകാരം ഹാൾ പുനരുദ്ധാരണത്തിന്റെ ഭാഗമായി ചുമരുകൾ MDF Wall Pannelling നടത്തി പുതുക്കിയിട്ടുണ്ട്. സീലിംഗ് ജിപ്സം ബോർഡ് ഉപയോഗിച്ച് മിനുക്കുകയും തറയിൽ ചുവപ്പ് കാർപ്പറ്റ് വിരിക്കുകയും ജനാലകളിൽ സ്ലൈഡിംഗ് ഷട്ടറുകളും ബ്ലൈൻഡ്സും സ്ഥാപിച്ച് പുതുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഡയസ്സ്, പോഡിയം, മൈക്ക് ബോക്സുകൾ എന്നിവ സപ്ലൈ ചെയ്തിട്ടുണ്ട്. 4ലക്ഷത്തിൽ പരം രൂപയുടെ വയറിംഗ്/വൈദ്യുതീകരണ പ്രവൃത്തികളും ARTCO നിർവഹിച്ചിട്ടുണ്ട്.

ഈ പ്രവൃത്തി നിർവഹണത്തിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഈ പ്രവൃത്തി ഏറ്റെടുത്ത് നിർവഹിച്ച ARTCOയ്ക്ക് അക്രഡിറ്റേഷൻ നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് നം. ജി.ഒ.(പി)നം.104/22 /ഫിൻ, തിയതി 02.09.2022 പ്രകാരം ഇന്റീരിയർ ഫർണിഷിംഗ് വർക്കുകൾ നോൺ പി.എം.സി വ്യവസ്ഥയിൽ ഏറ്റെടുക്കുന്നതിനാണ് ARTCO യ്ക്ക് അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ളത്.

സ്റ്റോർ പർച്ചേസ് വകുപ്പിന്റെ തുടർ ഉത്തരവുകളിലൂടെ, ടെണ്ടർ നടപടികൾ കൂടാതെ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഫർണിച്ചറുകൾ വിതരണം ചെയ്യാൻ ARTCOയ്ക്ക് സ്റ്റോർ പർച്ചേസ് മാന്വലിന്റെ 9.23 ഖണ്ഡിക പ്രകാരമുള്ള നിബന്ധനകൾ ലഘൂകരിച്ചു കൊണ്ട് അനുമതി നൽകിയിട്ടുണ്ട്.

ARTCO യ്ക്ക് അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ളത് ഇന്റീരിയർ ഫർണിഷിംഗ് വർക്കുകൾ ഏറ്റെടുക്കുന്നതിനാണ്. ഇന്റീരിയർ ഫർണിഷിംഗ് വർക്കുകളിൽ False Ceiling നിർമ്മാണം, Wall Pannelling Works, Windows Fabrication, വയറിംഗ്/ വൈദ്യുതീകരണം/വൈദ്യുതി ഉപകരണങ്ങൾ സ്ഥാപിക്കൽ തുടങ്ങിയ സിവിൽ/ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ഉൾപ്പെടുന്നുണ്ടോ എന്ന് വ്യക്തതയില്ല. ഈ വിഷയത്തിൽ ധനകാര്യ വകുപ്പിൽ നിന്നും സ്പഷ്ടീകരണം വാങ്ങേണ്ടതാണ്.

2. സർക്കാർ / പൊതു മേഖലാ സ്ഥാപനങ്ങൾക്ക് സ്റ്റീൽ ഫർണിച്ചറുകൾ, മര ഫർണിച്ചറുകൾ, ആശുപത്രി/ സ്മാർട്ട് ക്ലാസ്സ് റൂം ഫർണിച്ചറുകൾ തുടങ്ങിയവ ടെണ്ടർ കൂടാതെ വിതരണം ചെയ്യാനുള്ള ARTCO യ്ക്കുള്ള അനുമതി ജി.ഒ(ആർ.ടി) നം.07/2022/SPD, തിയതി 02.02.2022 പ്രകാരം 02.02.2022 മുതൽ ഒരു വർഷത്തേക്ക് സ്റ്റോർ പർച്ചേസ് വകുപ്പ് പുതുക്കി നൽകിയിട്ടുണ്ട്. ഈ അനുമതി 24.02.2023 മുതൽ ഒരു വർഷത്തേക്ക് ജി.ഒ(ആർ.ടി) നം.20/2023/SPD, ജി.ഒ(ആർ.ടി) നം.21/20223/SPDഎന്നിവ പ്രകാരം പുതുക്കി നൽകിയിട്ടുണ്ട്. ജി.ഒ(ആർ.ടി) നം.07/2022/SPD, തിയതി 02.02.2022 അനുസരിച്ച് 02.02.2018 ലെ ജി.ഒ(ആർ.ടി) നം.04/2018/SPD ഉത്തരവിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പ്രൈസ് ലിസ്റ്റ് ബാധകമാണെന്നും ലിസ്റ്റിൽ ഇല്ലാത്ത ഏതൊരു ഇനത്തിനും മറ്റു വാങ്ങൽ രീതികൾ അവലംബിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ARTCO യുടെ ഇൻവോയ്സ് പ്രകാരം MDF (Medium Density Fibre Board) ഉപയോഗിച്ച് 190 Sqm ചുമർ പാനലിംഗ് നടത്തിയതിന് 13,90,040 രൂപ ഈടാക്കിയിട്ടുണ്ട്. കൂടാതെ ജിപ്സം ബോർഡ് ഉപയോഗിച്ച 220 Sqm False Ceiling നിർമിക്കുന്നതിന് 2,75,176 രൂപയും ഈടാക്കിയിട്ടുണ്ട്. രണ്ടു പാളികളുള്ള തേക്ക് വാതിലുകൾ മൂന്നെണ്ണം 1,05,492 രൂപയ്ക്ക് സ്ഥാപിച്ചിട്ടുണ്ട്. സ്റ്റീൽ കൊണ്ടുള്ള അക്ഷരങ്ങളിൽ സ്റ്റേജിനു പിറകിൽ നെയിം ബോർഡ് സ്ഥാപിക്കുന്നതിന് 86,612 രൂപയും 320x60x70 Cm വലിപ്പത്തിൽ MDFകൊണ്ടുള്ള ഡയസ്സ്, പോഡിയം, മൈക്കിനുള്ള MDFകൊണ്ടുള്ള പെട്ടി എന്നിവയ്ക്കായി 75,118 രൂപ ഈടാക്കിയിട്ടുണ്ട്. 850 ജി.എസ്.എം ഗുണത്തിലുള്ള ചുവപ്പ് പരവതാനി വിരിക്കാൻ 1,37,529 രൂപയും സ്റ്റേജിലുണ്ടായിരുന്ന കുഴി 18mm പ്ലൈവുഡ് ഉപയോഗിച്ച് അടക്കാൻ 27,435 രൂപയും ഇൻവോയ്സ് പ്രകാരം ഈടാക്കിയിട്ടുണ്ട്. ജനാലകളിൽ ബ്ലൈൻഡ്സ് കർട്ടൻ സ്ഥാപിക്കുന്നതിന് 35,130 രൂപ ചെലവ് കണക്കാക്കിയിട്ടുണ്ട്. 4,06,510 രൂപയുടെ വയറിംഗ്/വൈദ്യുതീകരണ പ്രവൃത്തികളും ARTCO നിർവഹിച്ചിട്ടുണ്ട്. 81,775 രൂപ സ്ലൈഡിംഗ് ജനാലകൾ സ്ഥാപിക്കുന്നതിന് ചാർജ് ചെയ്തിട്ടുണ്ട്.

മേൽ പ്രവൃത്തികളിൽ ജിപ്സം ബോർഡ് ഉപയോഗിച്ചുള്ള False Ceiling നിർമിക്കുന്നതിനുള്ള നിരക്ക് (1,060/sqm- നികുതികൾ ഒഴികെ) ജി.ഒ(ആർ.ടി) നം.32/2017/SP, തിയതി 06.06.2017 ലെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ട നിരക്കാണ്. ARTCO യുടെ ഇൻവോയ്സിൽ ചാർജ് ചെയ്തിരിക്കുന്ന മറ്റു പ്രവൃത്തി ഇനങ്ങളും ഫർണിച്ചറുകളും സ്റ്റോർ പർച്ചേസ് വകുപ്പിന്റെ മറ്റൊരു ഉത്തരവിലോ പ്രൈസ് ലിസ്റ്റിലോ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ആയതിനാല് ARTCO യുടെ 01.03.2023 ലെ TVM1168 പ്രകാരമുള്ള പ്രവൃത്തി ഇനങ്ങളും ഫർണിച്ചറുകളും അവയുടെ നിരക്കുകളും സ്റ്റോർ പർച്ചേസ് വകുപ്പിന്റെ ഏത് അനുമതി ഉത്തരവിലാണ് പ്രതിപാദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കേണ്ടതാണ്.

3. 1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ തുക കരാറുകാരന് പേമെന്റ് നടത്തുമ്പോൾ 1% തുക (സ്ഥാപനങ്ങളിൽ നിന്നും 2%) സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. കൂടാതെ 1989 ലെ കേരള നിർമാണ തൊഴിലാളി ക്ഷേമനിധി നിയമത്തിലെ വകുപ്പ് 8 പ്രകാരം ഒരു കരാറുകാരൻ തൊഴിൽദാതാവായിരിക്കുന്ന സാഹചര്യത്തിൽ കരാറുകാരന് നൽകാനുള്ള ബിൽ തുകയിൽ നിന്ന് 1% തുക കുറവ് ചെയ്ത് ഫണ്ടിലേക്ക് അടക്കാൻ വകുപ്പിന് ബാധ്യതയുണ്ട്. എന്നാൽ ഈ പ്രവൃത്തിയുടെ ബിൽ തുക ARTCOയ്ക്ക് നൽകുമ്പോൾ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടില്ല. നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതവും അടച്ചിട്ടില്ല.

മേൽ നിരീക്ഷണങ്ങളിന്മേൽ വിശദീകരണങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7, തിയതി 22.06.2023)

മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ പ്രവൃത്തിക്ക് വേണ്ടി ചെലവഴിച്ച 26,20,817 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ചും ആവശ്യമായ വിഷയങ്ങളിൽ വ്യക്തത വരുത്തിയും മറുപടി നൽകേണ്ടതാണ്.

1-12 ഓഡിറ്റ് റിപ്പോർട്ടിന് മറുപടി സമർപ്പിച്ചില്ല

ബ്ലോക്ക് പഞ്ചായത്ത് 2021-22 വർഷ ഓഡിറ്റ് റിപ്പോർട്ടിന് ഓഡിറ്റ് തിയ്യതി വരെ പ്രഥമ മറുപടി നൽകിയിട്ടില്ല. ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23 1997 ലെ കേരളാ പഞ്ചായത്തീരാജ് -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനങ്ങളും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ പ്രകാരം റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഓഡിറ്റർക്ക് അയച്ചു നൽകേണ്ടതുമാണ്. മുൻ വർഷങ്ങളിലെ ഓഡിറ്റ് പരാമർശങ്ങളിന്മേൽ സ്ഥാപനം യാതൊരുവിധ നടപടികളും സ്വീകരിച്ചിട്ടില്ല എന്നത് ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഇതു സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് ഓഡിറ്റ് റിപ്പോർട്ടിന് മറുപടി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13 വനിതകൾക്ക് മത്സര പരീക്ഷാ പരിശീലനവും ജോബ് ഫെസ്റ്റും പദ്ധതി നടത്തിപ്പിലെ അപാകതകൾ.

ശിശുവികസനപദ്ധതി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ വനിതകൾക്ക് മത്സര പരീക്ഷാ പരിശീലനവും ജോബ് ഫെസ്റ്റും പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | ശിശുവികസനപദ്ധതി ഓഫീസർ |
| പ്രോജക്ട് നം. | 87/2022-23,വനിതകൾക്ക് മത്സര പരീക്ഷാ പരിശീലനവും ജോബ് ഫെസ്റ്റും |
| അടങ്കൽ,ഫണ്ടിനം | 2,00,000/-(വികസന ഫണ്ട്) + 50,000/- ( തനത് ഫണ്ട്) |
| ചെലവ്- 2,00,000/- (വികസന ഫണ്ട്) | 23,000രൂപ. (ബിൽ റഫറൻസ് നമ്പർ22200463008401134119 തി 03.02.23) + 1,77,000 രൂപ. (ബിൽ റഫറൻസ് നമ്പർ22200463008401525191 തി 28.03.23) |

മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് താഴെ കൊടുക്കുന്ന കാര്യങ്ങളിൽ വിശദീകരണം നല്കേണ്ടതാണ്,

1).വനിതകൾക്ക് മത്സര പരീക്ഷാ പരിശീലനവും ജോബ് ഫെസ്റ്റും എന്ന മേൽ പദ്ധതിയുടെ പ്രോജക്ട് ഫോറത്തിൽ ജോബ് ഫെസ്റ്റ് കെ.ഡിസ്ക് (K-Disc) എന്ന സ്ഥാപനത്തിന് ചുമതല നല്കും എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ജോബ് ഫെസ്റ്റ് നടത്തുവാനുള്ള ചുമതല കെ.ഡിസ്ക് എന്ന സ്ഥാപനത്തിന് നല്കിയതായി കാണുന്നില്ല.

2). 8.3.2023-ലെ പത്രപരസ്യം മുഖേന വനിതകൾക്ക് മത്സര പരീക്ഷാ പരിശീലനവും ജോബ് ഫെസ്റ്റും നടത്തുവാൻ വേണ്ടി സ്ഥാപനങ്ങളിൽ നിന്നും EXPRESSION OF INTEREST ക്ഷണിച്ചതായി കാണുന്നു. എന്നാൽ മത്സര പരീക്ഷാ പരിശീലനം നടത്തിയത് 17.01.2023 മുതലാണ് എന്ന് ഫയലിൽ കാണുന്നു. EXPRESSION OF INTEREST ക്ഷണിക്കുന്നതിനു മുമ്പെ തന്നെ വനിതകൾക്ക് മത്സര പരീക്ഷാ പരിശീലനം നടത്തിയതായി കാണുന്നു. കൂടാതെ, ശിശുവികസനപദ്ധതി ഓഫീസർ നിർവ്വഹണം നടത്തുന്ന മേൽ പദ്ധതിക്ക് വേണ്ടി പരസ്യം നല്കിയിട്ടുള്ളത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയാണ്. 14.3.2023-വരെ EXPRESSION OF INTEREST സമർപ്പിക്കാൻ സ്ഥാപനങ്ങൾക്ക് അനുമതി നല്കിയതായി കാണുന്നു, മൂന്ന് സ്ഥാപനങ്ങളാണ് EXPRESSION OF INTEREST കാണിച്ചിട്ടുള്ളത്, ആയതിന്റെ വിവരം താഴെ കൊടുക്കുന്നു,

| നം | സ്ഥാപനത്തിന്റെ പേര് | ക്വാട്ട് ചെയ്ത തുക |
|---|---|---|
| 1 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എജ്യൂക്കേഷൻ ട്രൈനിംഗ് & ഡവലപ്പമെന്റ്, കണ്ണൂർ | തൊഴിൽ മേള- 70,000 |
| 2 | സെൻട്രൽ ടെക്കനിക്കൽ ട്രൈനിംഗ് ഫൗണ്ടേഷൻ | തൊഴിൽ മേള- 65,000 |
| 3 | ഫ്യൂച്ചർ ലീപ്പ് PMC പ്രൈവറ്റ് ലിമിറ്റഡ് | തൊഴിൽ മേള- 1,69,000 |

ഇതിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത ക്രമ നം 1, 2 സ്ഥാപനങ്ങൾക്ക് പ്രവർത്തി പരിചയം തൃപ്തികരമല്ലെന്ന് വിലയിരുത്തി ബ്ലോക്ക് ഭരണ സമിതിയുടെ 16.3.2023-ലെ 1(1) നമ്പർ തീരുമാന പ്രകാരം മൂന്നാമത്തെ സ്ഥാപനമായ ഫ്യൂച്ചർ ലീപ്പ് PMC പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചതായി കാണുന്നു. മേൽ മൂന്ന് സ്ഥാപനങ്ങളുടെയും പ്രവർത്തി പരിചയം വിശകലനം ചെയ്തതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3).18.3.2023-ന് ജോബ് ഫെസ്റ്റ് നടത്തിയതായി കാണുന്നു. 16.3.2023-ന് ബ്ലോക്ക് ഭരണസമിതി അംഗീകാരം നല്കിയ ഫ്യൂച്ചർ ലീപ്പ് PMC പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം കേവലം രണ്ട് ദിവസം കൊണ്ട് ഇത്രയും ബൃഹത്തായ തൊഴിൽ മേള സംഘടിപ്പിക്കുന്നതിനുള്ള മുന്നൊരുക്കം നടത്തിയത് എങ്ങനെയെന്ന് ഫയലിൽ നിന്നും വ്യക്തമല്ല. ഫ്യൂച്ചർ ലീപ്പ് PMC പ്രൈവറ്റ് ലിമിറ്റഡിന് വർക്ക് ഓർഡർ നല്കിയതിന്റെയും, സെലക്ഷൻ നോട്ടീസ് നല്കിയതിന്റെയും രേഖകളും സ്ഥാപനവും നിർവഹണ ഉദ്യോഗസ്ഥയും ഏർപ്പെട്ട കരാറും ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4) ജോബ് ഫെസ്റ്റ് നടത്തിയ സ്ഥാപനത്തിന് പേമെന്റ് നടത്തുമ്പോൾ ആദായ നികുതി നിയമപ്രകാരം 2% ആദായ നികുതിയിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ടിയിരുന്നു. എന്നാൽ ഈ തുക കുറവ് ചെയ്യാതെയാണ് പേമെന്റ് നടത്തിയിട്ടുള്ളത്.

മേൽ അപാകത പരാമർശിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി 18/2022-23 തീയ്യതി 24.06.2023) മറുപടി ലഭ്യമാക്കിയില്ല. ചെലവു തുക 2,00,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

1-14 വനിതാ സ്വയം സഹായ സംഘങ്ങൾക്ക് സ്വയം തൊഴിലിന് ധനസഹായം പദ്ധതി നടത്തിപ്പിലെ അപാകതകൾ.

വ്യവസായ വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് സബ്സിഡി നൽകി നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | ഐ.ഇ.ഒ |
| പ്രോജക്ട് നം. | 63/2022-23, വനിതാ സ്വയം സഹായ സംഘങ്ങൾക്ക് സ്വയം തൊഴിലിന് ധനസഹായം. |
| അടങ്കൽ & ഫണ്ടിനം | 24,00,000/- (വികസന ഫണ്ട്) + 40,00,000/- ( മറ്റുള്ളവ) |
| ചെലവ്- 24,00,000/- (വികസന ഫണ്ട്) | 8,39,198രൂപ. (ബിൽ റഫറൻസ് നമ്പർ22200463008801321469 തി 09.03.23) + 3,60,802 രൂപ. (ബിൽ റഫറൻസ് നമ്പർ22200463008801390303 തി 17.03.23) + 3,00,000 രൂപ. (ബിൽ റഫറൻസ് നമ്പർ22200463008801390311 തി 17.03.23) + 9,00,000 രൂപ.(ബിൽ റഫറൻസ് നമ്പർ22200463008801232244 തി 23.02.23) |

എട്ട് സ്ഥാപനങ്ങൾക്കാണ് പദ്ധതി പ്രകാരം ധനസഹായം നല്കിയിട്ടുള്ളത് ആയതിന്റെ വിവരം താഴെ കൊടുക്കുന്നു,

| നം | സംരംഭത്തിന്റെ പേര് | നല്കിയ തുക |
|---|---|---|
| 1 | ഷെറാസ് ബേക്കറി യൂണിറ്റ് | 3,00,000/-രൂപ. |
| 2 | സൗഹൃദം ടൈലറിംഗ് & റെഡിമേഡ് യൂണിറ്റ് | 3,00,000/-രൂപ. |
| 3 | ബിസ്മി ടൈലറിംഗ് യൂണിറ്റ് | 3,00,000/-രൂപ. |
| 4 | സ്നേഹ ചപ്പാത്തി നിർമ്മാണ യൂണിറ്റ് | 3,00,000/-രൂപ. |
| 5 | വി-ഹെൽപ്പ് | 3,00,000/-രൂപ. |
| 6 | റിഥം കോസ്റ്റ്യൂംസ് | 3,00,000/-രൂപ. |
| 7 | നക്ഷത്ര കുടുംബശ്രീ- ബെഡ് നിർമ്മാണ യൂണിറ്റ് | 3,00,000/-രൂപ. |
| 8 | സിയ ഗാർമെന്റ്സ് | 3,00,000/-രൂപ. |
| | ആകെ | 24,00,000/-രൂപ. |

പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന രേഖകളും വിശദമായ മറുപടിയും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1). മേൽ 8 യൂണിറ്റുകളുടെയും ബാങ്കിൽ നിന്നും യൂണിറ്റുകൾക്ക് അനുവദിച്ച വായ്പ തുകയുടെയും അവയുടെ തിരിച്ചടവിന്റേയും രേഖകൾ (Bank Statement)

2).മേൽ 8 യൂണിറ്റുകളുടെയും, അവ സ്ഥിതി ചെയ്യുന്ന ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ച വ്യാപാര പ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള ലൈസൻസ്.

3).ഷെറാസ് ബേക്കറി യൂണിറ്റ്, സ്നേഹ ചപ്പാത്തി നിർമ്മാണ യൂണിറ്റ്, സിയ ഗാർമെന്റ്സ് എന്നീ സ്ഥാപനങ്ങളുടെ അപേക്ഷ പരിശോധിച്ചപ്പോൾ അപേക്ഷയോടൊപ്പം ഹാജരാക്കിയ സർട്ടിഫിക്കറ്റുകളിൽ, സംരഭങ്ങളുടെ ഉടമകളായി ഗ്രൂപ്പുകളിലെ ഓരോ വ്യക്തികളുടെ പേരുകൾ മാത്രമാണ് ചേർത്തിട്ടുള്ളത്. ഗ്രൂപ്പുകൾക്ക് നല്കേണ്ട ധനസഹായം വ്യക്തികൾ നടത്തുന്ന സ്ഥാപനത്തിന് നല്കിയ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

4).മേൽ സ്ഥാപനങ്ങളുടെ നിലവിലെ അവസ്ഥയും നടത്തിവരുന്ന പ്രവർത്തനങ്ങളും അറിയിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം / രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 12/24.06.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച രേഖകൾ പരിശോധനക്ക് ഹാജറാക്കാത്തതിനാൽ ചെലവ് തുക ₹24,00,000 തടസ്സം ചെയ്യുന്നു.

1-15 പെരിയ CHC -പബ്ലിക് ഹെൽത്ത് യൂണിറ്റ് &പബ്ലിക് ഹെൽത്ത് ലാബിന് വിവര സാങ്കേതിക ഉപകരണങ്ങൾ വാങ്ങൽ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.134/23

അടങ്കൽ - 6,20,000/-രൂപ -ഹെൽത്ത് ഗ്രാന്റ്

ചെലവ് - 5,82,420/-രൂപ

പേമെന്റ് നം.സി-0223441936/25.2.2023 -1,49,000/- രൂപ

പേമെന്റ് നം.സി-032352058689/20.3.2023 -4,33,420/- രൂപ

15-ാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഇതിൽ

നിന്നും ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള പെരിയ CHC യിൽ പബ്ലിക് ഹെൽത്ത് യൂണിറ്റ് & പബ്ലിക് ഹെൽത്ത് ലാബ് സൗകര്യം ഒരുക്കുന്നതിന് വേണ്ടി വിവര സാങ്കേതിക സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് ലാപ് ടോപ്പ്, ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ, ഫോട്ടോസ്റ്റാറ്റ് മെഷീൻ, മൊബൈൽ ഫോൺ എന്നിവ വാങ്ങി നൽകുന്നതിന് വേണ്ടിയുള്ള പദ്ധതിയാണിത്. ജെം പോർട്ടൽ വഴിയാണ് പർച്ചേസ് നടത്തിയിരിക്കുന്നത്. പർച്ചേസ് സംബന്ധമായ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ജെം വഴി പർച്ചേസ് നടത്തിയ ഉപകരണം | എണ്ണം | വിതരണം ചെയ്ത സ്ഥാപനം | ഇൻവോയ്സ്/ബില്ല് നം./തിയ്യതി | തുക |
|---|---|---|---|---|---|
| 1 | ഫോട്ടോസ്റ്റാറ്റ് മെഷീൻ- കാനൻ IR2725-3Wx03045 | 1 | SRS Associates Jagathy , Thycaud Thiruvananthapuram | CAN22-23SL 1342/Dt.8.2.23 | 1,49,000.00 |
| 2 | ലാപ് ടോപ്പ് ASPIRE 5A 515-56-54AU | 4 | IT Professionals Co-op Soceity, Uthradam, Plamood, Thiruvananthapuram | IT/22-23-L352/ Dt.16.2.23 | 4,33,420.00 |
| | ഡെസ്ക് ടോപ്പ് VERITON-M200-H610 | 4 | | | |
| | | | | ആകെ | 5,82,420.00 |

സെക്രട്ടറിയുടെ ഉത്തരവ് നം.സി-8/2023/തിയ്യതി 23.2.2023 പ്രകാരം SRS Associates ന് ആകെ 1,49,000/-രൂപ നൽകുന്നതിനും, ഉത്തരവ് നം.സി-8/2023/തിയ്യതി 18.3.2023 പ്രകാരം IT Professionals Co-op Soceityക്ക് 4,33,420/-രൂപയും നൽകുന്നതിന് അനുമതി നൽകി. ഹെൽത്ത് ഗ്രാന്റ് അക്കൗണ്ട് ഫെഡറൽ ബാങ്ക് കാഞ്ഞങ്ങാട് ശാഖയിൽ നിന്നും പി.എഫ്.എം.എസ് വഴി ആകെ 5,82,420/-രൂപ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്.

23.6.2023 ന് ഓഡിറ്റ് ടീം നടത്തിയ ഭൗതികപരിശോധനയിൽ പെരിയ CHC യിൽ പബ്ലിക് ഹെൽത്ത് യൂണിറ്റ് & പബ്ലിക് ഹെൽത്ത് ലാബ് ഇതുവരെയായി തുടങ്ങിയിട്ടില്ല എന്ന് കണ്ടെത്തിയിരിക്കുന്നു, വാങ്ങിയ ഉപകരണങ്ങളിൽ ഫോട്ടോസ്റ്റാറ്റ് മെഷീൻ സ്ഥാപിച്ചിട്ടുണ്ട്, അത് ഓഫീസ് ആവശ്യത്തിനാണ് ഉപയോഗിക്കുന്നത്. ലാപ് ടോപ്പ്, ഡെസ്ക് ടോപ്പ് എന്നിവ ലാബ് പ്രവർത്തനം തുടങ്ങാത്തതിനാൽ ഇൻസ്റ്റാൾ ചെയ്തിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.10/23.06.2023 പ്രകാരം പബ്ലിക് ഹെൽത്ത് യൂണിറ്റ് & പബ്ലിക് ഹെൽത്ത് ലാബ് തുടങ്ങാത്തതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടതിന് 24.6.2023 ന് മറുപടി നൽകിയിട്ടുണ്ട്. പബ്ലിക് ഹെൽത്ത് യൂണിറ്റ് & പബ്ലിക് ഹെൽത്ത് ലാബിന് അടിസ്ഥാന സൗകര്യം ഒരുക്കാനുള്ള പ്രവർത്തി നിലവിൽ നടന്നു വരുന്നുണ്ട്. അത് പൂർത്തീകരിക്കുന്ന മുറക്ക് ആരംഭിക്കുന്നതാണ് എന്നാണ് മറുപടി നൽകിയത്. ലാപ് ടോപ്പ്, ഡെസ്ക് ടോപ്പ് എന്നിവയുടെ വാറണ്ടി കാലാവധി ഒരു വർഷമാണ്. ആയതിനാൽ തന്നെ ലാബിന് കെട്ടിടം ഒരുങ്ങുമ്പോഴേക്ക് ചിലപ്പോൾ വാറണ്ടി കാലാവധി കഴിയാം. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ വാങ്ങിയത് ശരിക്കും പാഴ്ച്ചെലവാണ്. മറ്റ് പദ്ധതികൾക്ക് ഉപയോഗിക്കാവുന്ന തുകയാണ് യാതൊരു മുന്നൊരുക്കങ്ങളും നടത്താതെ ഈ പദ്ധതിക്ക് ചെലവഴിച്ചത്. അതിനാൽ പബ്ലിക് ഹെൽത്ത് യൂണിറ്റ് & പബ്ലിക് ഹെൽത്ത് ലാബ് പൂർണ്ണമായും പ്രവർത്തനസജ്ജമാകുന്നതുവരെ ചെലവ് തുക 5,82,420/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-16 അജാനൂർ വനിതാ വ്യായാമ കേന്ദ്രത്തിന് ഉപകരണങ്ങൾ വാങ്ങൽ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.166/23

അടങ്കൽ -1) 370370/-രൂപ – പ്ലാൻ ജനറൽ – ചെലവ് 370370 /-രൂപ

2)29630/- രൂപ തനത് ഫണ്ട് – ചെലവ് - 27573/-രൂപ

കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള അജാനൂർ ഗ്രാമപഞ്ചായത്തിലെ കൊളവയലിൽ തുടങ്ങുന്ന വനിതാ വ്യായാമ കേന്ദ്രത്തിന് വേണ്ടി അക്രഡിറ്റഡ് ഏജൻസിയായ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരളാ ലിമിറ്റഡ് (സിൽക്ക്) എന്ന സ്ഥാപനത്തിൽ നിന്നും ഉപകരണങ്ങൾ വാങ്ങിച്ച് സ്ഥാപിക്കാനുള്ളതാണ് ഈ പദ്ധതി. 20.2.2023 ന് കത്ത് നം.സി-140/23 പ്രകാരം സിൽക്കിന് താഴെപ്പറയുന്ന ഉപകരണങ്ങൾ വിതരണം ചെയ്ത് സ്ഥാപിക്കുന്നതിന് വർക്ക് ഓർഡർ നൽകി.

1.ABS Board – 1

2.Aerial Stroller – 1

3.Back Extension -1

4.Hip Twister – 1

5.Leg Press And Hip Twister – 1

6.Chest & Shoulder Combination – 1

ഇൻവോയ്സ് നം.ASBU/4.02(43)/2022-23/തിയ്യതി-28.3.2023 പ്രകാരം സിൽക്ക് 6 തരം ഉപകരണങ്ങൾ വിതരണം ചെയ്തു, ആകെ 3,97,943/-രൂപയാണ് ഇൻവോയ്സ് തുക. സെക്രട്ടറിയുടെ ഉത്തരവ് നം.സി-140/2023/തിയ്യതി-28.3.2023 പ്രകാരം ആകെ 3,97,943/-രൂപയിൽ 3,70,370/-രൂപ പ്ലാൻ ഫണ്ടിൽ നിന്നും, 27,573/-രൂപ തനത് ഫണ്ടിൽ നിന്നും നൽകാൻ ഉത്തരവ് നൽകി. ബിൽ റഫറൻസ് നം. 22200463001901576888/31.3.2023 പ്രകാരം 3,70,370/-രൂപയും വൗച്ചർ നം.327/23/തിയ്യതി 28.3.23 പ്രകാരം 27,573/-രൂപയും ചേർത്ത് ആകെ 3,97,943/-രൂപ സ്ഥാപനത്തിന് നൽകി.

ഈ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1.സിൽക്കിൽ നിന്നും നേരിട്ട് പർച്ചേസ് ചെയ്യാം എന്നതിന് ആധാരമായി ഭരണസമിതി/പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2.സിൽക്ക് സമർപ്പിച്ച പ്രൊഫോർമ ഇൻവോയ്സ്, അതിന് ഭരണസമിതി/പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകാരം നൽകിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3.സിൽക്കുമായി ഉണ്ടാക്കിയ കരാർ പരിശോധനക്ക് ഹാജരാക്കിയിട്ടുണ്ട്. ഇതിൽ തിയ്യതി കരാർ നമ്പർ എന്നിവ ഇല്ല, കൂടാതെ ബ്ലോക്ക് പഞ്ചായത്തിന് വേണ്ടി ആരും ഒപ്പ് വെച്ചിട്ടില്ല.

4.ഓഡിറ്റ് ടീം 23.6.2023 ന് കൊളവയലിൽ വനിതാ വ്യായാമ കേന്ദ്രം സന്ദർശിച്ചു. ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. പക്ഷെ വ്യായാമ കേന്ദ്രം ഉദ്ഘാടനം നടത്തി പ്രവർത്തനം തുടങ്ങിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.09/23.06.2023 പ്രകാരം അപാകതകൾ ചൂണ്ടിക്കാട്ടിയതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതും എത്രയും വേഗം വ്യായാമ കേന്ദ്രം ഉദ്ഘാടനം നടത്തി പ്രവർത്തനം തുടങ്ങി വിശദവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. അതുവരെ ചെലവ് തുക 3,97,943/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-17 ജില്ലാ പ്ലാനിംഗ് ഓഫീസ് പുതിയ കോൺഫറൻസ് ഹാൾ നിർമ്മാണം - ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.143/23

അടങ്കൽ - 3,00,000/-രൂപ – പ്ലാൻ ജനറൽ

ചെലവ് - 3,00,000/-രൂപ

ബിൽ നം.56/2022-23/തിയ്യതി-3.12.2022

ജില്ലാ പ്ലാനിംഗ് ഓഫീസിൽ പുതിയ കോൺഫറൻസ് ഹാൾ നിർമ്മിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകാനുള്ളതാണ് ഈ പദ്ധതി. 11.7.2022 ന് ചേർന്ന ജില്ലാ ആസൂത്രണ സമിതി മന്ദിര എസ്റ്റേറ്റ് സമിതി ആത്യാധുനിക സൗകര്യത്തോടെയുള്ള ഒരു കോൺഫറൻസ് ഹാൾ നിർമ്മിക്കുന്നത് സംബന്ധിച്ച ചർച്ച നടത്തുകയും ഇതിനായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വിഹിതം നൽകാൻ തീരുമാനിക്കുകയും ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് വിഹിതം 3 ലക്ഷം രൂപയാണ്. 27.7.2022 ന് ജില്ലാ പ്ലാനിംഗ് ഓഫീസർ തുക ഒടുക്കണമെന്ന് ആവശ്യപ്പെട്ട് കത്ത് നൽകി. ജില്ലാ ട്രഷറിയിൽ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് തുടങ്ങിയ ടി.എസ്.ബി അക്കൗണ്ട് നം.720011400000034 ലേക്കാണ് തുക നിക്ഷേപിക്കേണ്ടത്. സെക്രട്ടറിയുടെ ഉത്തരവ് നം.സി -614/2022/തിയ്യതി-29.11.2022 പ്രകാരം 3,00,000/-രൂപ നൽകുന്നതിന് അനുമതി നൽകി. ബിൽ നം.56/2022-23/തിയ്യതി-3.12.2022 പ്രകാരം തുക ടി.എസ്.ബി അക്കൗണ്ടിലേക്ക് നിക്ഷേപിച്ചു.

ഈ തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.16/24.06.2023 പ്രകാരം ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് 24.6.2023 ന് മറുപടി നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം നൽകുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാവുന്ന മുറക്ക് ഹാജരാക്കും എന്നുമാണ് മറുപടി.

അതുവരെ ചെലവ് തുക 3,00,000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-18 PMJVK- വിവിധ പദ്ധതികൾക്ക് വേണ്ടി DPR തയ്യാറാക്കൽ പദ്ധതി

കേന്ദ്ര സർക്കാരിന്റെ മൈനോറിറ്റി ക്ഷേമ പദ്ധതിയായ പ്രൈംമിനിസ്റ്റേഴ്സ് ജൻവികാസ് കാര്യക്രം(PMJVK) പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്തുകൾ പുതിയ പദ്ധതികൾ ആവിഷ്കരിക്കണം എന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് 3 പ്രധാന പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിക്കുകയും പ്രാരംഭ നടപടിയായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി DPR തയ്യാറാക്കുന്നതിന് പദ്ധതി തീരുമാനിക്കുകയും ചെയ്തു. DPR തയ്യാറാക്കാൻ 8.9.2022 ന് ടെണ്ടർ വിളിച്ചു. 3 പദ്ധതികൾക്കും വേണ്ടി ഒരേ സ്ഥാപനമാണ് DPR തയ്യാറാക്കുന്നതിന് വേണ്ടി കരാർ എടുത്തത്. MA Builders കാഞ്ഞങ്ങാട് 15.10.2022 ന് 3 പദ്ധതികൾക്കും സമർപ്പിച്ച കുറഞ്ഞ തുകയ്ക്കുള്ള ടെണ്ടർ അംഗീകരിച്ചാണ് പദ്ധതി നടപ്പിലാക്കിയത്.

വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

1)പെരിയ സദ്ഭാവനാ മണ്ഡപം നിർമ്മാണം

പ്രൊജക്ട് നം.144/23

അടങ്കൽ - 2,80,000/-രൂപ – തനത് ഫണ്ട്

ചെലവ് - 2,80,000/-രൂപ

വൗച്ചർ നം.328/23/28.3.2023 – 2,80,000/-രൂപ

പെരിയയിൽ സദ്ഭാവനാ മണ്ഡപം നിർമ്മിക്കുന്നതിന് 8 കോടി രൂപയാണ് പദ്ധതി ചെലവ്, ഇതിന്റെ 0.35% 2,80,000/-രൂപയാണ് ടെണ്ടർ തുക. 9.10.2022ന് വർക്ക് ഓർഡർ നൽകി. 1.2.2023ന് പ്രവർത്തി പൂർത്തീകരിച്ച് MA Builders കാഞ്ഞങ്ങാട് കത്ത് നൽകി, ഇൻവോയ്സ് നം.12/1.2.2023. പ്രകാരം 2,80,000/-രൂപ അനുവദിക്കണമെന്നും കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. സെക്രട്ടറിയുടെ ഉത്തരവ് നം.സി-104/2023/തിയ്യതി-28.3.2023 പ്രകാരം തുക നൽകുന്നതിന് അനുമതി നൽകി. 2,80,000/-രൂപയിൽ 2% GST 5600/-രൂപ കിഴിച്ച് ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കണമെന്നും ബാക്കി 2,74,400/-രൂപ നൽകാനുമാണ് ഉത്തരവ്. അത് പ്രകാരം തുക MA Builders കാഞ്ഞങ്ങാടിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി. അക്കൗണ്ട് നം.178010801200022/കേരളാ സ്റ്റേറ്റ് കോ-ഓപ് ബാങ്ക്, കാഞ്ഞങ്ങാട്.

2.പെരിയ CHC ക്ക് OP ബ്ലോക്ക് നിർമ്മാണം

പ്രൊജക്ട് നം.145/23

അടങ്കൽ - 2,85,000/-രൂപ – തനത് ഫണ്ട്

ചെലവ് - 2,85,000/-രൂപ

വൗച്ചർ നം.329/23/28.3.2023 – 2,85,000/-രൂപ

9.5 കോടി രൂപയാണ് പദ്ധതി ചെലവ്. ഇതിന്റെ 0.3% 2,85,000/-രൂപയാണ് ടെണ്ടർ തുക. 9.10.2022ന് വർക്ക് ഓർഡർ നൽകി. 1.2.2023ന് പ്രവർത്തി പൂർത്തീകരിച്ച് MA Builders കാഞ്ഞങ്ങാട് കത്ത് നൽകി, ഇൻവോയ്സ് നം.13/1.2.2023. പ്രകാരം 2,85,000/-രൂപ അനുവദിക്കണമെന്നും കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. സെക്രട്ടറിയുടെ ഉത്തരവ് നം.സി-102/2023/തിയ്യതി-28.3.2023 പ്രകാരം തുക നൽകുന്നതിന് അനുമതി നൽകി. 2,85,000/-രൂപയിൽ 2% ആദായനികുതി 5700/-രൂപ കിഴിച്ച് ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കണമെന്നും ബാക്കി 2,79,300/-രൂപ നൽകാനുമാണ് ഉത്തരവ്. അത് പ്രകാരം തുക MA Builders കാഞ്ഞങ്ങാടിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി. അക്കൗണ്ട് നം.178010801200022/കേരളാ സ്റ്റേറ്റ് കോ-ഓപ് ബാങ്ക്, കാഞ്ഞങ്ങാട്.

3.മടിക്കൈ ആലൈ പരുത്തിപ്പുഴ ടൂറിസം പദ്ധതി

പ്രൊജക്ട് നം.146/23

അടങ്കൽ - 2,70,000/-രൂപ – തനത് ഫണ്ട്

ചെലവ് - 2,70,000/-രൂപ

വൗച്ചർ നം.322/23/25.3.2023 – 2,70,000/-രൂപ

18 കോടി രൂപയാണ് പദ്ധതി ചെലവ്. ഇതിന്റെ 0.15% 2,70,000/-രൂപയാണ് ടെണ്ടർതുക. 9.10.2022ന് വർക്ക് ഓർഡർ നൽകി. 1.2.2023ന് പ്രവർത്തി പൂർത്തീകരിച്ച് MA Builders കാഞ്ഞങ്ങാട് കത്ത് നൽകി, ഇൻവോയ്സ് നം.14/1.2.2023. പ്രകാരം 2,70,000/-രൂപ അനുവദിക്കണമെന്നും കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. സെക്രട്ടറിയുടെ ഉത്തരവ് നം.സി-633/2022/തിയ്യതി-23.3.2023 പ്രകാരം തുക നൽകുന്നതിന് അനുമതി നൽകി. 2,70,000/-രൂപയിൽ 2% GST 5400/-രൂപ കിഴിച്ച് ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കണമെന്നും ബാക്കി 2,64,600/-രൂപ നൽകാനുമാണ് ഉത്തരവ്. അത് പ്രകാരം തുക MA Builders കാഞ്ഞങ്ങാടിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി. അക്കൗണ്ട് നം.178010801200022/കേരളാ സ്റ്റേറ്റ് കോ-ഓപ് ബാങ്ക്, കാഞ്ഞങ്ങാട്.

ഈ 3 പദ്ധതികൾ നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

1)MA Builders കാഞ്ഞങ്ങാട് എന്ന സ്ഥാപനവുമായി ഒപ്പു വെച്ച കരാറുകൾ ഹാജരാക്കിയിട്ടില്ല. അതിനാൽ ഈ സ്ഥാപനം എന്തെല്ലാം പ്രവർത്തനങ്ങൾ എപ്രകാരമെല്ലാം പൂർത്തീകരിച്ച് എന്തെല്ലാം രേഖകളും റിപ്പോർട്ടുകളും ലഭ്യമാക്കുന്നതിനാണ് പ്രതിഫലം നൽകുന്നത് എന്ന് വ്യക്തമാകുന്നില്ല. രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

2)തുക നൽകുമ്പോൾ ക്രമ നം.(1), (3) എന്നിവയിൽ GST ഇനത്തിൽ തുക കിഴിച്ചാണ് നൽകിയത്, പക്ഷെ ആദായനികുതി ഇനത്തിൽ തുക കിഴിവ് നടത്തിയിട്ടില്ല. 10% ആണ് ടെക്നിക്കൽ/പ്രൊഫഷണൽ ചാർജ്ജിന് ആദായനികുതി. ആകെ 8,35,000/-രൂപ നൽകുമ്പോൾ 83,500/-രൂപ കിഴിവ് നടത്തേണ്ടത്, എന്നാൽ ക്രമ നം.(2) ൽ മാത്രം ആദായനികുതി 5700/-രൂപ കിഴിച്ചിട്ടുണ്ട്. ബാക്കി 77,800/- രൂപ ഈടാക്കേണ്ടതാണ്.

3)ക്രമ നം.(2) ൽ ആദായനികുതി കിഴിച്ചാണ് തുക നൽകിയത്, പക്ഷെ GST ഇനത്തിൽ തുക കിഴിവ് നടത്തിയിട്ടില്ല.

4)സ്ഥാപനം സമർപ്പിച്ച ഇൻവോയ്സിൽ GST നമ്പർ ഇല്ല, MA Builders കാഞ്ഞങ്ങാട് എന്ന സ്ഥാപനത്തിന്റെ GST രജിസ്ട്രേഷൻ വിശദവിവരങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല,

ഓഡിറ്റ് എൻക്വയറി നം.13/24.06.2023, നം.14/24.06.2023, നം.15/24.06.2023 എന്നിവ പ്രകാരം അപാകതകൾ ചൂണ്ടിക്കാട്ടിയതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ നിയമാനുസൃതമായി ഈടാക്കേണ്ട ആദായനികുതി ക്രമ നം.(1), (3) എന്നീ പദ്ധതികൾക്ക് തുക നൽകിയതിൽ നിന്നും ഈടാക്കേണ്ടതാണ്. കൂടാതെ MA Builders കാഞ്ഞങ്ങാട് എന്ന സ്ഥാപനത്തിന് GST രജിസ്ട്രേഷൻ രേഖ ഹാജരാക്കേണ്ടതാണ്, രജിസ്ട്രേഷൻ ഇല്ലെങ്കിൽ അത് പ്രകാരം ഉയർന്ന നിരക്കിലുള്ള GST തുക 3 പദ്ധതികൾക്ക് തുക നൽകിയതിൽ നിന്നും ഈടാക്കേണ്ടതാണ്. തുക ഈടാക്കുന്നതിൽ വീഴ്ച വരുത്തിയാൽ ബന്ധപ്പെട്ട സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കി ടിയാനിൽ നിന്നും ഈടാക്കാൻ ഓഡിറ്റിൽ നിർദ്ദേശിക്കുന്നതായിരിക്കും. അതുവരെ ആകെ ചെലവ് തുക 8,35,000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. മേൽ സ്ഥാപനത്തിനെ ചുമതലപ്പെടുത്തിയ 3 പ്രവർത്തികളുടെ DPR തയ്യാറാക്കി ലഭിച്ചതിന്റെയും, അവ പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിച്ചതിന്റെയും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-19 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭിച്ചിട്ടില്ല .ചെലവ് തുക തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഡയറി എക്സ്റ്റൻഷൻ ഓഫീസർ,
അടങ്കൽ തുക – 3,00,000

ചെലവ് തുക – 1,64,644 രൂപ

2022 – 23 വർഷത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ ഡയറിഎക്സ്റ്റൻഷൻ ഓഫീസർ , പ്രൊജക്ട് നമ്പർ 117/2022-23 പ്രകാരം , ക്ഷീരവികസന ഓഫീസിനു കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും എന്ന പ്രൊജക്ട് നടപ്പിലാക്കുന്നതിനായി 1,64,644 രൂപ ചെലവഴിച്ചിട്ടുണ്ട് . വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു .

| ക്രമ നമ്പർ | ബിൽ റഫറൻസ് നമ്പർ/തിയ്യതി | തുക | അക്കൗണ്ട് നമ്പർ | സ്ഥാപനം | പ്രൊജക്ട് നമ്പർ | ഫണ്ട് ഇനം |
|---|---|---|---|---|---|---|
| 1 | 222004630085O1227894 തിയ്യതി 22.2.2023 | 1,64,644 രൂപ | 799011400003959 | KERALA STATE I.T.MISSION | 117/2022-23 | മെയിന്റനൻസ് നോൺ റോഡ് |

മേൽ പദ്ധതി പ്രകാരം , 1,64,644 രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട് ,എന്നാൽ മേൽ തുകയുടെ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും കെൽട്രോണിൽ നിന്നും നാളിതുവരെ ലഭ്യമായിട്ടില്ല.കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കി വിശദവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുന്നതു വരെ ചെലവ് തുകയായ 1,64,644 രൂപ തടസ്സപ്പെടുത്തുന്നു. ( ഓഡിറ്റ് എൻക്വയറി നമ്പർ 06/2022-23 തിയ്യതി:22.6.2023 )

1-20 ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ നിക്ഷേപ പ്രവൃത്തികളുടെ അവലോകനം

പ്രവൃത്തി നിർവഹണത്തിനായി വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലും, സർക്കാർ വകുപ്പുകളിലും തുക മുൻകൂർ നിക്ഷേപിച്ച് സർക്കാർ സാമതികൾ നടപ്പിലാക്കുന്ന സമ്പ്രദായം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഏജൻസികളിലും, കാലങ്ങളായി സ്വീകരിച്ചു വരുന്നു. കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി, ഭൂജലവകുപ്പ്, പി.ഡബ്ലിയു.ഡി (ഇലക്ട്രിക്കൽ വിഭാഗം) എന്നിവയാണ് നിക്ഷേപ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്ന പ്രധാന ഏജൻസികൾ. കുടിവെള്ളം, വൈദ്യുതി ഉടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ എല്ലാ മേഖലകളിലേക്കും എത്തിക്കുന്നതിൽ നിക്ഷേപ പ്രവൃത്തികൾ പ്രധാന പങ്ക് വഹിക്കുന്നു. ഇപ്രകാരമുള്ള നിക്ഷേപ പ്രവൃത്തികളുടെ ആസൂത്രണം, നിർവഹണം, മേൽനോട്ടം, തുടർപരിപാലനം ഇത്യാദി തലങ്ങൾ പരിശോധിച്ച് അപാകതകൾ വിശകലനം ചെയ്യുന്നതിനാണ് ഇവിടെ ശ്രമിച്ചിരിക്കുന്നത്.

2. ഓഡിറ്റ് ലക്ഷ്യം

ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും ഉണ്ടാകുന്ന തടസ്സങ്ങൾ ഒഴിവാക്കുന്നതിനുള്ള വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ തലത്തിൽ ലഭ്യമാക്കുക.

3. ഓഡിറ്റ് വ്യാപ്തി

കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് കഴിഞ്ഞ 5 വർഷങ്ങളിൽ നടപ്പിലാക്കിയ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയാണ് അവലോകനം ചെയ്തിട്ടുള്ളത്.

4 . ഓഡിറ്റ് നിരീക്ഷണങ്ങൾ

കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് ഭൂജല വകുപ്പ്, പി.ഡബ്ല്യു.ഡി വകുപ്പ് എന്നിവ മുഖേന നടത്തിയ നിക്ഷേപ പ്രവൃത്തികൾ അവലോകന വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് അധികൃതർ ഓഡിറ്റിന് ലഭ്യമാക്കിയ നിക്ഷേപ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വർഷം | നിക്ഷേപ തുക, ഫണ്ടിന്റെ സ്രോതസ്സ് | പ്രവൃത്തിയുടെ വിശദാംശങ്ങൾ | ഡെപ്പോസിറ്റ് സ്വീകരിച്ച സ്ഥാപനം | പ്രവൃത്തിയുടെ നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1 | 2021-22 | 5,97,320 | തോക്കാനം കാവുങ്കൽ മൊട്ട കുടിവെള്ള പദ്ധതി (138/22) പള്ളിക്കര ഗ്രാമപഞ്ചായത്ത് | ഭൂജല വകുപ്പ്, കാസറഗോഡ് | പ്രവൃത്തികൾക്കായി ഭൂജല വകുപ്പ് ബോർവെൽ നിർമിച്ചുവെങ്കിലും കുടിവെള്ള പദ്ധതി നടപ്പിലാക്കാൻ വേണ്ട ജല ലഭ്യത ഇല്ലാത്തതിനാൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല. തുക നാളിതു വരെ ക്രമീകരിച്ചിട്ടില്ല. |
| 2 | 2021-22 | 5,98,400 | അരമങ്ങാനം കാപ്പുങ്കയം പട്ടർവളപ്പ് കുടിവെള്ള പദ്ധതി(137/22) @ ഉദുമ ഗ്രാമ പഞ്ചായത്ത് | ഭൂജല വകുപ്പ്, കാസറഗോഡ് | |
| 3 | 2022-23 | 5,70,000 ധനകാര്യ കമ്മീഷൻ ടൈഡ് ഫണ്ട് | അജാനൂർ മുക്കോട് സർക്കാർ കിണർ എന്ന സ്ഥലത്ത് കുടിവെള്ള പദ്ധതി (പ്രോജക്ട് നം. 140/23-അജാനൂർ ഗ്രാമപഞ്ചായത്ത്) | ഭൂജല വകുപ്പ്, കാസറഗോഡ് | ഭൂജല വകുപ്പ് നാളിതു വരെ പദ്ധതി ആരംഭിച്ചിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| 4 | 2022-23 | 5,77,000 ധനകാര്യ കമ്മീഷൻ ടൈഡ് ഫണ്ട് | പുല്ലൂർ പെരിയ പഞ്ചായത്തിലെ GHSS അമ്പലത്തറ, ആയമ്പാറGUPS, ഉദുമയിലെ ബാര GHS എന്നിവിടങ്ങളിൽ കുടിവെള്ള സൗകര്യം ഒരുക്കൽ (പ്രോജക്ട് നം. 170/23) | ഭൂജല വകുപ്പ്, കാസറഗോഡ് | |
| 5 | 2022-23 | 57,687 ധനകാര്യ കമ്മീഷൻ ടൈഡ് ഫണ്ട് | പെരിയ കമ്മ്യൂണിറ്റി ഹാൾ ബോർവെൽ ആഴം കൂട്ടി മോട്ടോർ ടാങ്ക് എന്നിവ സ്ഥാപിക്കൽ (പ്രോജക്ട് നം. 171/23) | ഭൂജല വകുപ്പ്, കാസറഗോഡ് | |
| 6 | 2022-23 | 83,059 (വികസന ഫണ്ട്) | ബങ്കളം പ്രീമെട്രിക് ഹോസ്റ്റൽ- ബോർവെൽ നിർമാണം (പ്രോജക്ട് നം. 153/23) | ഭൂജല വകുപ്പ്, കാസറഗോഡ് | |
| 7 | 2022-23 | 54,730 5,87,000 (വികസന ഫണ്ട്) | ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് റീ വയറിംഗ് (പ്രോജക്ട് നം. 169/23) | എക്സിക്യൂട്ടീവ് എഞ്ചിനീയർ, PWD ബിൽഡിങ്സ് ഡിവിഷൻ, കാസറഗോഡ് | പ്രവൃത്തി നാളിതു വരെ ആരംഭിച്ചിട്ടില്ല. |

മേൽ പ്രവൃത്തികളുടെ അവലോകനത്തിൽ കണ്ടെത്തിയ ശ്രദ്ധേയമായ നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

എ). ആവശ്യകത ഉറപ്പുവരുത്താതെ പദ്ധതി തയ്യാറാക്കുന്നു.

വർക്കിംഗ് ഗ്രൂപ്പ്, ഗ്രാമസഭ എന്നിവയിൽ ചർച്ച ചെയ്യാതെയും, ആവശ്യകത ഉറപ്പ് വരുത്താതെയും പദ്ധതി തയ്യാറാക്കി തുക നിക്ഷേപിച്ചതായി കാണുന്നു. 2022-23 വർഷത്തെ പദ്ധതി രൂപീകരണത്തിന്റെ ഭാഗമായുള്ള ശിൽപ്പശാലയും വർക്കിംഗ് ഗ്രൂപ്പ് പൊതു യോഗവും 10.01.2022 ന് നടന്നു. ഇതിൽ കുടിവെള്ളം ശുചിത്വം മുതലായവയ്ക്കുള്ള വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നതായി കാണുന്നില്ല. 27.05.2022 നാണ് ഗ്രാമസഭ നടന്നത്. ഇതിലും മേൽ പട്ടികയിലെ പ്രോജക്ടുകൾ സംബന്ധിച്ച ചർച്ചകൾ നടന്നതായോ തീരുമാനങ്ങൾ എടുത്തതായോ കാണുന്നില്ല. തുടർന്ന് 06/06/2022 ന് ചേർന്ന വികസന സെമിനാറിലും മേൽ പ്രോജക്ടുകൾ സംബന്ധിച്ച ചർച്ചകൾ ഉണ്ടായിട്ടില്ല. എപ്രകാരമാണ് മേൽ പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമായത് എന്ന് വ്യക്തമല്ല.

ബി) പദ്ധതിയുടെ ഫീസിബിലിറ്റി സംബന്ധിച്ച് വിശദമായ പഠനം നടത്തുന്നില്ല.

ബോർവെൽ കുഴിക്കാനുള്ള എല്ലാ പ്രോജക്ടുകളിലും ഭൂജല വകുപ്പ് സർവേ നടത്തിയിട്ടാണ് ബോർവെല്ലുകൾ കുഴിച്ചിട്ടുള്ളത്. എന്നാൽ ക്രമ നം.1,2 എന്നീ പ്രോജക്ടുകൾക്ക് വേണ്ടി കുഴിച്ച ബോർവെല്ലുകളിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ട ജലലഭ്യത ഇല്ലാത്തതിനാൽ ഈ പ്രോജക്ടുകൾ നാളിതു വരെ നടപ്പിലാക്കാനായിട്ടില്ല. പദ്ധതി പ്രദേശത്തെ ഭൂജല നിരപ്പിന്റെ സ്വഭാവം മുൻകൂട്ടി മനസ്സിലാക്കി കുടിവെള്ള പദ്ധതി നടപ്പിലാക്കാൻ ഉതകുന്ന അത്ര ജല ലഭ്യത ഉണ്ടാവില്ല എന്ന് മുൻകൂട്ടി കണ്ടെത്താനും ബ്ലോക്ക് പഞ്ചായത്തിനെ ആ വിധം ഉപദേശിക്കാനും ഈ മേഖലയിലെ വിദഗ്ധരായ ഭൂജല വകുപ്പിന് കഴിഞ്ഞിട്ടില്ല. ആദ്യം ബോർവെല്ലിനുള്ള തുക മാത്രം നിക്ഷേപിക്കാനും ബാക്കി പദ്ധതി പ്രവർത്തനത്തിനുള്ള തുക ബോർവെല്ലിലെ ജലലഭ്യത മനസ്സിലാക്കിയതിനു ശേഷം മാത്രം ഡെപ്പോസിറ്റ് ചെയ്യാനുമുള്ള അവധാനത ബ്ലോക്ക് പഞ്ചായത്ത് പുലർത്തിയിട്ടില്ല.

സി)നിർവ്വഹണ ഏജൻസിയുമായി നിയമാനുസൃത കരാർ ചമയ്ക്കുന്നില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങളിലെ ചട്ടം-6 പ്രകാരം നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെടേണ്ടതുണ്ട്. സർക്കാർ ഉത്തരവ് (എം.എസ്) 4/2016 തീയതി 11.01.2016, ഖണ്ഡിക 6(15)(x)(c) പ്രകാരം, പ്രോജക്ടിന് അംഗീകാരം ലഭിച്ച കഴിഞ്ഞാൽ ഏജൻസിയുമായി എഗ്രിമെന്റ് വെച്ചതിനു ശേഷം മാത്രമേ തുക അനുവദിക്കാവൂ എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ക്രമ നം 7 ലെ പ്രോജക്ടിനായി PWD എക്സിക്യൂട്ടീവ് എഞ്ചിനീയറും സെക്രട്ടറിയും തമ്മിൽ കരാറിൽ ഏർപ്പെട്ടിട്ടില്ല.

ഡി) പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല.

പദ്ധതി ആസൂത്രണത്തിലെയും നിർവ്വഹണത്തിലെയും വീഴ്ചകൾ കാരണംപദ്ധതികൾ നടപ്പാക്കുന്നതിനും ലക്ഷ്യം കൈവരിക്കുന്നതിനും കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികയിലെ പ്രോജക്ടുകൾ എല്ലാം തന്നെ അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തീകരിക്കേണ്ടിയിരുന്നു. എന്നാൽ പ്രോജക്ടുകൾ നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല.

ഇ) മോണിറ്ററിംഗ് നടത്തുന്നില്ല.

പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതി കൃത്യമായ ഇടവേളകളിൽ മോണിറ്ററിംഗിന് വിധേയമാക്കുന്നില്ല. പദ്ധതി രൂപീകരണശേഷം വർക്കിം ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളായ കുടിവെള്ളം,

ശുചിത്വം, മുതലായവയ്ക്കുള്ള വർക്കിംഗ് ഗ്രൂപ്പ് ഈ പ്രവൃത്തികളുടെ നിർവഹണത്തിൽ ഇടപെട്ടതായി കാണുന്നില്ല. മിനിറ്റ്സ് പരിശോധിച്ചതിൽ പദ്ധതി രൂപീകരണത്തിന്റെ ചർച്ചകൾ നടത്തിയതായി രേഖപ്പെടുത്തിക്കാണുന്നില്ല. കേവലം രണ്ടു യോഗങ്ങൾ മാത്രമേ ഈ വർക്കിംഗ് ഗ്രൂപ്പ് ചേർന്നിട്ടുള്ളൂ. പ്രവൃത്തികളുടെ പുരോഗതിയും ഫലപ്രാപ്തിയും വിലയിരുത്തുന്നതിന് സ്ഥാപനവും നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കുന്നില്ല എന്ന് വ്യക്തമാണ്.

1-21 പി.എം.എ.വൈ .ഭവന പദ്ധതി,ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

പി.എം.എ.വൈ .ഭവന പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

2016-17 സാമ്പത്തീക വർഷം മുതൽ , വിവിധ പ്രൊജക്റ്റ് നമ്പറുകളിലായി പി.എം.എ.വൈ .ഭവന പദ്ധതി പ്രകാരം, നിർമ്മാണ പ്രവൃത്തി ആരംഭിച്ച താഴെ ചേർത്ത ഗുണഭോക്താക്കൾനാളിതുവരെയായിട്ടും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര്, മേൽ വിലാസം | യൂണിറ്റ് കോസ്റ്റ് | അനുവദിച്ച തുക | അനുവദിക്കാനുള്ള തുക |
|---|---|---|---|---|
| 1 | മായാ ബാബു, W/O ബാബു,കെ.ബി. മടിക്കൈ | 4,00,000 | 48,000 | 3,52,000 |
| 2 | ലത.കെ.വി. W/O ബാലൻ. എം. മടിക്കൈ | 4,00,000 | 48,000 | 3,52,000 |
| 3 | ലക്ഷ്മി രാമചന്ദ്രൻ D/Oഗോവിന്ദൻ ,പള്ളിക്കര | 4,00,000 | 3,76,000 | 24,000 |
| 4 | ജയശ്രീ.ടി.W/O അയിത്തപ്പ ,പള്ളിക്കര | 4,00,000 | 3,76,000 | 24,000 |
| 5 | സരോജിനി .എം.W/O നാരായണൻ നായർ, പള്ളിക്കര | 4,00,000 | 3,76,000 | 24,000 |
| 6 | രോഹിണി .ദേവൻ പൊടിച്ചപാറ,പള്ളിക്കര | 4,00,000 | 3,76,000 | 24,000 |
| 7 | ലക്ഷ്മി.കെ.കാമലോൺ വീട്,പള്ളിക്കര | 4,00,000 | 3,76,000 | 24,000 |
| 8 | കുഞ്ഞിക്കണ്ണൻ .കെ.കരിയംതൊട്ടി,പള്ളിക്കര | 4,00,000 | 3,76,000 | 24,000 |
| 9 | പി.വി.രമ.W/O കെ.കെ.പ്രസാദ്, പുല്ലൂർ -പെരിയ | 4,00,000 | 3,76,000 | 24,000 |
| 10 | ഗീത.എച്ച്.W/O അനിൽ കുമാർ. പുല്ലൂർ -പെരിയ, | 6,00,000 | 48,000 | 5,52,000 |

നിർമ്മാണം പൂർത്തീകരിക്കാത്ത വീടുകൾ , നിലവിലുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് , എത്രയും വേഗം പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/തിയതി |
|---|---|---|
| 2022-23 | 20.06.2023 To 21.06.2023 | ഓഡിറ്റ് സർട്ടിഫിക്കറ്റ് ഖണ്ഡിക 1-1 ലും, അനുബന്ധം 1 ലും ഉൾപ്പെടുത്തിയിട്ടുണ്ട്. |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പ്രൊജക്ടിന്റെ പേര് &നം | ചെലവ് |
|---|---|---|---|
| ഗ്രാമ പഞ്ചായത്തുകൾ | 2022-23 | 76- പി.എം.എ.വൈ (ജനറൽ) | 28,70,000 |
| | | 85- പി.എം.എ.വൈ (എസ്.ടി) | 13,80,000 |
| | | 82- പി.എം.എ.വൈ (എസ്.സി) | 4,20,000 |
| | | 31- ഡയാലിസിസ് പ്രോജക്ട് | 14,99,960 |
| | | 40- അജാനൂർ വേലാശ്വരം വയോജന വിശ്രമ കേന്ദ്രം | 3,00,000 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 32- അമൃത കിരണം – പാലിയേറ്റീവ് വിദഗ്ദ സാന്ത്വന പരിചരണം | 2,00,000 |
| | | 84- ബ്ലോക്ക് പഞ്ചായത്ത് ആർ അർ എഫ് മാലിന്യ സംസ്കരണ കേന്ദ്രം വിപുലീകരണവും യന്ത്രവൽക്കരണവും | 4,72,125 |
| | | 76- പി.എം.എ.വൈ (ജനറൽ) | 30,38,000 |
| | | 85- പി.എം.എ.വൈ (എസ്.ടി) | 8,82,000 |
| | | 82- പി.എം.എ.വൈ (എസ്.സി) | 5,88,000 |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ എജൻസി | പ്രൊജക്ടിന്റെ പേര് | ഫണ്ടിനം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ്, കാസറഗോഡ് | അജാനൂർ മുക്കോട് സർക്കാർ കിണർ എന്ന സ്ഥലത്ത് കുടിവെള്ള പദ്ധതി (പ്രോജക്ട് നം. 140/23-അജാനൂർ ഗ്രാമപഞ്ചായത്ത്) | ധനകാര്യ കമ്മീഷൻ ടൈഡ് ഫണ്ട് | 5,70,000 | പ്രവൃത്തി നാളിതു വരെ ആരംഭിച്ചിട്ടില്ല. | 5,70,000 |
| ഭൂജല വകുപ്പ്, കാസറഗോഡ് | പുല്ലൂർ പെരിയ പഞ്ചായത്തിലെ GHSS അമ്പലത്തറ, ആയമ്പാറ GUPS, ഉദുമയിലെ ബാര GHS എന്നിവിടങ്ങളിൽ കുടിവെള്ള സൗകര്യം ഒരുക്കൽ (പ്രോജക്ട് നം. 170/23) | ധനകാര്യ കമ്മീഷൻ ടൈഡ് ഫണ്ട് | 5,77,000 | „ | 5,77,000 |
| ഭൂജല വകുപ്പ്, കാസറഗോഡ് | പെരിയ കമ്മ്യൂണിറ്റി ഹാൾ ബോർവെൽ ആഴം കൂട്ടി മോട്ടോർ ടാങ്ക് എന്നിവ സ്ഥാപിക്കൽ (പ്രോജക്ട് നം. 171/23) | ധനകാര്യ കമ്മീഷൻ ടൈഡ് ഫണ്ട് | 57,687 | „ | 57,687 |
| ഭൂജല വകുപ്പ്, കാസറഗോഡ് | ബങ്കളം പ്രീമെട്രിക് ഹോസ്റ്റൽ- ബോർവെൽ നിർമാണം (പ്രോജക്ട് നം. 153/23) | (വികസന ഫണ്ട്) | 83,059 | „ | 83,059 |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ, PWD | ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് റീ വയറിംഗ് (പ്രോജക്ട് നം. 169/23) | (വികസന ഫണ്ട്) | 54,730<br>5,87,000 | „ | 54,730<br>5,87,00 |

| | | | | | |
|---|---|---|---|---|---|
| ബിൽഡിങ്സ് ഡിവിഷൻ, കാസറഗോഡ് | | | | | |

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

4-5 വായ്പാ/വായ്പാ തിരിച്ചടവ്

ഇല്ല.

4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ആരോഗ്യമേഖലയും -അവലോകനം 2012-13 | - | 2012-13 | 3.3.6.1 അനുബന്ധം 6,7,8 | പെരിയ സി.എച്ച്.സി മാതൃശിശു വാർഡ് പ്രവർത്തന രഹിതം (പേജ് 125 ) | ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കിയ മറുപടി പരിശോധിച്ച് തയ്യാറാക്കിയ എം.ഐ.പി 13.01.2023 ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2021-23)പരിഗണനയിൽ |
| വികേന്ദ്രീകൃതാസൂത്രണവും വ്യവസായ തൊഴിൽ സംരംഭങ്ങളും 2013-14 | - | 2013-14 | 5.3.5.1& 5.3.5.2 | വ്യവസായ മേഖല ചെലവ് ഉച്ചം(പേജ്.145,147) | മറുപടി ലഭ്യമാക്കിയിട്ടില്ല. |
| -ടി- | - | 2013-14 | 5.3.5.3 | വനിത ചകിരി വ്യവസായ യൂണിറ്റ് സംബന്ധിച്ച് (പേജ്.149) | മറുപടി ലഭ്യമാക്കിയിട്ടില്ല. |
| -ടി- | - | 2013-14 | 5.3.5.4 | മിനി വ്യവസായ എസ്റ്റേറ്റ് -അസൗകര്യങ്ങൾസംബന്ധിച്ച് (പേജ്.150) | മറുപടി ലഭ്യമാക്കിയിട്ടില്ല. |
| 2016-17 | 3-10 | 2017-18 | 1-14 | ഗ്രാമീണ മാർക്കറ്റും തൊഴിൽ പരിശീലന കേന്ദ്രവും നിഷ്ക്രിയ ആസ്തിയായി തുടരുന്നു | നിലവിലുള്ള സ്ഥിതി സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത് അധികൃതർ നൽകിയ മറുപടിയിന്മേൽ പരിശോധനറിപ്പോർട്ട് ഡയറക്ടറേറ്റിലേയ്ക്ക് അയച്ചിട്ടുണ്ട്.(ksa/ksd11 /885/18 Dt.04.8.2018) |

4-9 ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടികൾ മുഖേന ഈടാക്കിയ തുക – ഇല്ല.

ബി) സർചാർജ്ജ് നടപടികൾ മുഖേന ഈടാക്കിയ തുക – ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,44,04,232 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,05,37,671 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 75,00,824 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 26,20,817 | യൂജിൻ.പി, സെക്രട്ടറി |
| 1-13 | 2,00,000 | ലത.കെ.ആർ, ശിശു വികസന പദ്ധതി ഓഫീസർ |
| 1-14 | 24,00,000 | അശോകൻ.എൻ, വ്യവസായ വികസന ഓഫീസർ |
| 1-15 | 5,82,420 | യൂജിൻ.പി, സെക്രട്ടറി |
| 1-16 | 3,97,943 | യൂജിൻ.പി, സെക്രട്ടറി |
| 1-17 | 3,00,000 | യൂജിൻ.പി, സെക്രട്ടറി |
| 1-18 | 8,35,000 | യൂജിൻ.പി, സെക്രട്ടറി |
| 1-19 | 1,64,644 | ക്ഷീര വികസന ഓഫീസർ |
| | 75,00,824 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-18 | 77,800/-രൂപ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇല്ല | ഇല്ല | ഇല്ല |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്ക്സ് |
|---|---|---|
| 1997-98 | എൽ.എഫ്.കെ.എസ്.ഡി 6/594/15(2) തീയ്യതി 16-09-15 | 4 |
| 1998-99 | എൽ.എഫ്.കെ.എസ്.ഡി 6/594/15(3) തീയ്യതി 16-09-15 | 1 |
| 1999-2000 | എൽ.എഫ്.കെ.എസ്.ഡി 6/594/15(4) തീയ്യതി 16-09-15 | 4 |
| 2000-01 | എൽ.എഫ്.കെ.എസ്.ഡി 6/594/15(5) തീയ്യതി 16-09-15 | 7 |
| 2001-02 | എൽ.എഫ്.കെ.എസ്.ഡി 6/594/15(6) തീയ്യതി 16-09-15 | 3 |
| 2002-03 | എൽ.എഫ്.കെ.എസ്.ഡി 6/594/15(7) തീയ്യതി 16-09-15 | 2 |
| 2003-04 | എൽ.എഫ്.കെ.എസ്.ഡി 6/594/15(8) തീയ്യതി 16-09-15 | 5 |
| 2004-05 | എൽ.എഫ്.കെ.എസ്.ഡി 6/594/15(9) തീയ്യതി 16-09-15 | 2 |
| 2005-06 | എൽ.എഫ്.കെ.എസ്.ഡി 6/594/15(10) തീയ്യതി 16-09-15 | 2 |
| 2006-07 | എൽ.എഫ്.കെ.എസ്.ഡി 6/594/15(11) തീയ്യതി 16-09-15 | 1 |
| 2007-08 | എൽ.എഫ്.കെ.എസ്.ഡി 6/594/15(12) തീയ്യതി 16-09-15 | 2 |

| | | |
|---|---|---|
| 2008-09 | എൽ.എഫ്.കെ.എസ്.ഡി 6/594/15(13) തീയ്യതി 16-09-15 | 5 |
| 2009-10 | എൽ.എഫ്.കെ.എസ്.ഡി 6/564/15 (14) തീയ്യതി 16-09-15 | 6 |
| 2010-11 To12-13 | എൽ.എഫ്.കെ.എസ്.ഡി 6/109/2015 തീയ്യതി 13-02-2015 | 6 |
| 2013-14 | എൽ.എഫ്.കെ.എസ്.ഡി 8/1030/2015 തീയ്യതി 05-11-15 | 8 |
| 2014-15to15-16 | കെ.എസ്.എ.കെ.എസ്.ഡി 8/1031/2016 തീയ്യതി 14-10-16 | 16 |
| 2016-17 | കെ.എസ്.എ.കെ.എസ്.ഡി 8/1145/2017 തീയ്യതി 14-11-17 | 11 |
| 2017-18 | കെ.എസ്.എ.കെ.എസ്.ഡി 8/172/2019തീയ്യതി 22-2-19 | 18 |
| 2018-19 | കെ.എസ്.എ.കെ.എസ്.ഡി 8/160/2020തീയ്യതി 25-2-2020 | 28 |
| 2019-20 | കെ.എസ്.എ.കെ.എസ്.ഡി 8/932/2021 തീയ്യതി 29.01.2022 | 16 |
| 2020-21 | കെ.എസ്.എ.കെ.എസ്.ഡി 8/933/2021 തിയതി 31.01.2022 | 12 |
| 2021-22 | കെ.എസ്.എ.കെ.എസ്.ഡി 8/285/2023 തിയതി 10.05.2023 | 7 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 4(1) dated 30-05-2023 and submitted on 02-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kanhangad Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kanhangad Block Panchayat for the year 2022-2023

Date: 06/10/2023

Senior Deputy Director
District Office Kasaragod
Kerala State Audit Department

**Audit Report appended to the Audit Certificate of Kanhangad Block Panchayat for the Year 2022-2023.**

**1.Major Observations**

Valuation of assets has not been done. The asset register has not been updated. There is no uptodate asset data base in the Panchayat. Hence,the accuracy of the assets reflected in the Balance Sheet could not be commented upon.

**2.Other Observations**

1) Advance paid to implementing officers amounting to Rs.3,64,807/- remains unadjusted in the accounts, but, the details of which were not made available to Audit.

2) Amount pending adjustment under Other advances as per Schedule B18 of the balance sheet is Rs.16,01,545 instead of the actual amount of Rs.15,70,373. The difference is not explained.

3) The balance of rent to be collected as per B-15 schedule of the balance sheet is Rs.4,000, But the actual amount pending collection as on 31.03.2023 is Rs.13,000. The difference is not explained.

4) Amounts deposited with Ground Water Authority are not fully recorded in Schedule B-18. Total amount deposited with ground water authority during 2022-23 is Rs.1287746, but the amount recorded in Schedule B-18 is Rs.5,70,000 only.

5) closing balances of specific purpose funds does not match with the balance in the designated bank accounts. The closing balance of Central Finance Commission Grant- tied and untied as per Schedule B4 is Rs.70,47,580 whereas the designated bank account for this purpose carries a balance of Rs.78,45,181 as per Schedule B17.

6) Depreciation is incorrectly recorded in annual financial statement. The accumlated depreciation of all the assets as on 31.03.2023 is lesser than the accumlated depreciation as on 31.03.2022. Debit is recorded, instead of credit, while journalizing depreciation for the above items during 2022-23.

7) Details of the amount in the liability in respect of stale cheques amount of Rs.4,000 which has been carried over ever since 2018-19 have not been made available.

8) The amount of receipts under one source of income has been found recorded in two heads. Rs.65,500 received as vehicle charge from veterinary clinic has been split and recorded under 150400101 -hire charges of ambulance (Rs.61,000) and 180800106 - receipt from hospitals , dispensary & veterinary poly clinic (Rs.4,500).

9) The deposits remains unspent with the Ground wate Department as on 31.03.2023, amounting to Rs.11,95,720 has not found place in the Schedule B-18 of Balance Sheet as on 31.03.2023.

10) expenditure asper appropriation control register & expenditure statement does not match in respect of Development fund - general, Development fund - S.C.P and Development fund - T.S.P.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം - 3

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Kanhangad Block Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 775250.00 |
| 140000000 | Fee & User Charges | I-4(b) | 60316.00 |
| 150000000 | Sale & Hire Charges | I-5(b) | 603058.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 75981207.00 |
| 171000000 | Interest Earned | I-8 | 23612.00 |
| 180000000 | Other Income | I-9 | 110710.00 |
| | Total Income | | 77554153.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 2275890.00 |
| 220000000 | Administrative Expenses | I-11(b) | 1170939.00 |
| 230000000 | Operations & Maintenance | I-12(b) | 1367153.00 |
| 240000000 | Interest & Finance Charges | I-13 | 750.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 8873623.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 46505972.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 11096070.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1663897.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 140322.00 |
| 255000000 | Maintenance Projects | I-14(e) | 425838.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 100000.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 130000.00 |
| | Total Expenditure | | 73750454.00 |
| | Gross Surplus / Deficit of income over Expenditure | | 3803699.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | -15943.00 |
| | Net difference (Prior period Income - Prior period Expenditure) | | 3819642.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

അനുബന്ധം - 4

റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| Kanhangad Block Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 8345266.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 130000000 | Rental income from Panchayat Properties | RP-3 | 72250.00 |
| 140000000 | Fees & User Charges | RP-4 | 60316.00 |
| 150000000 | Sale & Hire Charges | RP-5 | 598558.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 64139147.00 |

| | | | |
|---|---|---|---|
| 171000000 | Interest Earned | RP-9 | 23612.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 19213627.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 115210.00 |
| 340000000 | Deposits Received | RP-34 | 47915.00 |
| 350000000 | Other Liabilities | RP-36 | 3420.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 10045718.00 |
| 460000000 | Loans, Advances and Deposits | RP-47 | 84459.00 |
| | Grand total | | 102749498.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2386890.00 |
| 220000000 | Administrative Expenses | RP-12 | 1170939.00 |
| 230000000 | Operations & Maintenance | RP-13 | 1367153.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 8698623.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 42557848.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1197409.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 51625.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 140322.00 |
| 255000000 | Maintenance Projects | RP-20 | 425838.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 100000.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 130000.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-26 | -4.00 |
| 350000000 | Other Liabilities | RP-36 | 9935325.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 750.00 |
| 350000000 | Other Liabilities | RP-36 | 460519.00 |
| 410000000 | Fixed Assets | RP-38 | 3575512.00 |
| 412000000 | Capital work in Progress | RP-40 | 7475448.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 9137313.00 |
| 460000000 | Loans, Advances and Deposits | RP-47 | 1726161.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 12211827.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 102749498.00 |

## അനുബന്ധം - 5
## ബാലൻസ് ഷീറ്റ്

| Kanhangad Block Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 19026259.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 53198248.00 |
| | Total Reserve & Surplus | | 72224507.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 13582430.00 |

| | | | |
|---|---|---|---|
| | Total Grants, Contributions for Specific Purposes | | 13582430.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 221216.00 |
| 350000000 | Other Liabilities | B-9 | 123828.00 |
| | Total Current Liabilities and Provisions | | 345044.00 |
| | TOTAL LIABILITIES | | 86151981.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 77609112.00 |
| 411000000 | Accumulated Depreciation | B-11 | -16167483.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 61441629.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 9962173.00 |
| 450000000 | Cash and Bank Balance | B-17 | 12211827.00 |
| 460000000 | Loans, Advances and Deposits | B-18 | 2536352.00 |
| | Total Current Assets, Loans and Advances | | 24710352.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |

| | | |
|---|---|---|
| | TOTAL ASSETS | 86151981.00 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.